
marggam DIGITAL PUBLISHING
www.marggam.org




www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

# ഫാ. ആബേൽ
# കർമ്മയോഗിയായ ദൈവദാസൻ

(ഒരു വിഹഗ വീക്ഷണം)

വിശ്വനാഥൻ രാമമംഗലം

പ്രസാധകർ:
രാജീവ് ഗാന്ധി കൾച്ചറൽ ഫോറം
പിറവം

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

**Fr. ABEL**
**KARMAYOGIYAYA DAIVADASAN**
(Oru Vihaga Veekshanam)

**By : K.K. Viswanathan** (Viswanathan Ramamangalam)
(Mathrubhumi)
Kozhakkarapillil
Ramamangalam P.O.
Pin - 686 663
Ph: 0485-2277177

| | | |
|---|---|---|
| Published by | : | Rajeev Gandhi Cultural Forum |
| First Published | : | November 2014 |
| Copy Rights | : | To the auther |
| Printed at | : | Swaraj Printers Piravom : 0485-2242242 |
| Price | : | ₹ 50/- |

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ആമുഖം

ആബേലച്ചനെപ്പറ്റിയും കലാഭവനെപ്പറ്റിയും വളരെ നേരത്തെതന്നെ കേട്ടിട്ടുണ്ടെങ്കിലും കലാഭവൻ സന്ദർശിക്കാൻ അവസരം ലഭിച്ചത് ഇപ്പോഴാണ്. പിറവത്തെ രാജീവ്ഗാന്ധി കൾച്ചറൽ ഫോറത്തിനുവേണ്ടി ആബേലച്ചനെപ്പറ്റി ഒരു പുസ്തകം തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടത് ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും കൾച്ചറൽ ഫോറം ചെയർമാനുമായ ശ്രീ. സാബു കെ. ജേക്കബാണ്. മുഖവുര കൂടാതെ കാര്യം പറയാനുള്ള സ്വാതന്ത്ര്യം പ്രിയപ്പെട്ട സാബുവിനുണ്ട്. അത് വളരെ അത്യാവശ്യ സന്ദർഭങ്ങളിലേ അദ്ദേഹമതു ഉപയോഗിക്കാറുള്ളുവെന്നുമാത്രം. സാബു എന്താണു ഈ പറയുന്നത്..... ആബേലച്ചനെപ്പറ്റി പുസ്തകം എഴുതാനോ.......? കർമ്മലീത്ത സന്യാസിയും ബഹുമുഖ പ്രതിഭയുമായ ആബേലച്ചനെ കലാഭവന്റെ ഡയറക്ടറായി മാത്രമെ എനിക്ക് അറിയൂ. അതുകൊണ്ടുമാത്രം ആ വന്ദ്യപുരോഹിതനെ പരിചയപ്പെടുത്തുന്ന പുസ്തകം എഴുതാനുകുമോ....................?

'എന്റെ വിശ്വാ............ നിങ്ങൾ മനസ്സുവച്ചാൽ സാധിക്കുമെന്നേ........ അതിനുവേണ്ട എന്ത് സഹായവും ഞാൻ ലഭ്യമാക്കാം'. സാബു വിടാൻ ഭാവമില്ല......... അല്ലെങ്കിലും സാബു അങ്ങനെയാണ്. ഒന്നിനും നെഗറ്റീവില്ല. എല്ലാം പോസിറ്റീവ്. എപ്പോഴും പോസിറ്റീവ്. 'ഇല്ല' എന്നൊരു വാക്ക് അദ്ദേഹത്തിന്റെ നിഘണ്ടുവിലില്ല. ഞങ്ങൾ മാധ്യമ സുഹൃത്തുക്കൾ ഒന്നിച്ചുകൂടി സംസാരിക്കുമ്പോൾ പലപ്പോഴും സാബുവിന്റെ ഈ സ്വഭാവം ചർച്ച ചെയ്യാറുണ്ട്. (ഇതൊട്ടും ഭംഗിവാക്കായോ മുഖസ്തുതിയായോ കരുതരുതെന്ന് അപേക്ഷ) ഇങ്ങനെയൊക്കെയാണെങ്കിലും പലപ്പോഴും ഞങ്ങൾ തമ്മിൽ തെറ്റാറുമുണ്ട്. അത് മറ്റൊരു കഥ.

'ഞാൻ ഈ കാര്യം അനൗൺസ് ചെയ്തുകഴിഞ്ഞു. മാതൃഭൂമി ലേഖകൻ ശ്രീ. വിശ്വനാഥൻ ആബേലച്ചനെപ്പറ്റി എഴുതുന്ന പുസ്തകം, അത് ഫാ. ആബേൽ അനുസ്മരണ ചടങ്ങിൽ പ്രകാശനം ചെയ്യും.' സാബു അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം പറഞ്ഞുതീർത്തു. ഇനി അത് നടന്നില്ലെങ്കിൽ തോൽവി എന്റേതുമാത്രമാകും....... ഞാൻ അതിനൊട്ട് തയ്യാറുമല്ല. പിന്നെന്തു ചെയ്യും..... ആബേലച്ചനെപ്പറ്റി കിട്ടാവുന്നത്ര

വിവരങ്ങൾ ഉടൻ സമാഹരിക്കുക, ചുരുങ്ങിയ വാക്കുകളിൽ, ചുരുങ്ങിയ രൂപത്തിൽ ആ മഹാനുഭാവനെ പരിചയപ്പെടുത്തുക......... അത്രതന്നെ.

അച്ചന്റെ കുടുംബാംഗം കൂടിയായ ജിൽസ് പെരിയപ്പുറമാണ് അച്ചന്റെ കുടുംബ ചരിത്രമടങ്ങിയ പുസ്തകം കൊണ്ടുത്തന്നത്. കിട്ടിയപാടെ ആർത്തിയോടെ അത് വായിച്ചു. പഴയകാല ക്രൈസ്തവ പാരമ്പര്യത്തിന്റെയും ജീവിതരീതിയുടേയുമെല്ലാം വാങ്മയ ചിത്രം ആ പുസ്തകം പകർന്നു തന്നു. പിറവം പുഞ്ച രണ്ടാക്കി വിഭജിക്കുന്ന മുളക്കുളം ഗ്രാമം. മുളക്കുളം തെക്കേക്കര മുളക്കുളം പഞ്ചായത്തിൽ, വടക്കേക്കര പിറവം പഞ്ചായത്തിൽ, പുഞ്ചയിലെ ഒരുപ്പു കൃഷിയുടെ പാഠങ്ങൾ, മുളക്കുളം പള്ളി, പെരിയപ്പുറം തറവാട്. അവിടത്തെ വൈദ്യ പാരമ്പര്യം, മാത്തൻ വൈദ്യർ, വൈദ്യരുടെ മക്കൾ, അഞ്ചാമനായ പി. എം. മാത്യുവെന്ന ഫാ. ആബേൽ എല്ലാം അതിലുണ്ടായിരുന്നു.

ഇരുന്നൂറിലേറെ പേജുള്ള പുസ്തകം ഓടിച്ച് വായിച്ചപ്പോൾ തന്നെ മനസ്സ് 200 കൊല്ലം പുറകോട്ട് പോയി. കാട് വെട്ടിതെളിച്ച മണ്ണിൽ വിയർപ്പൊഴുക്കി കൃഷിപ്പണി ചെയ്തു ജീവിച്ച ഒരു ജനതയും അവരുടെ ഓലമേഞ്ഞ പള്ളിയും, കുർബാനയും പെരുന്നാളുമെല്ലാം പഴമയുടെ ഓർമ്മ പുതുക്കി കടന്നുപോയി.

ഇതിനുപുറമെ കലാഭവനിൽ നിന്നും, മുളക്കുളം വടക്കേക്കരയിൽ അച്ചന്റെ തറവാട്ടുവീട്ടിൽ നിന്നും കിട്ടാവുന്ന വിവരങ്ങൾ ഞാൻ സമാഹരിച്ചു. ഇവയെല്ലാം ക്രോഡീകരിച്ച് പുതിയ തലമുറയ്ക്ക് ഫാ. ആബേലിനെ പരിചയപ്പെടുത്താനാണ് എന്റെ എളിയ ശ്രമം.

- വിശ്വനാഥൻ രാമമംഗലം



# അഭിമാനപൂർവ്വം.. ആശംസകളോടെ.....

ഒരു വൃക്ഷം വളർന്ന് ആകാശം മുട്ടിയാലും അതിന്റെ വേരുകൾ ഭൂമിയിൽ തന്നെയായിരിക്കും. ആദരണീയനായ സി.എം.ഐ. സന്ന്യാസി ഫാ. ആബേലിന്റെ കർമ്മമേഖല പുറത്തായിരുന്നുവെങ്കിലും അദ്ദേഹം എന്നും പിറവംകാരനായിരുന്നു. അച്ചൻ ജീവിച്ചിരുന്ന കാലത്തു അച്ചന്റെ മഹത്വം തിരിച്ചറിഞ്ഞ് അദ്ദേഹത്തെ ആദരിക്കുവാൻ കഴിഞ്ഞില്ലെന്നത് വിസ്മരിക്കുന്നില്ല. പിറവം പഞ്ചായത്തിന്റെ ഭാഗമായ മുളക്കുളം വടക്കേകരയിൽ പെരിയപ്പുറത്തു തറവാട്ടിൽ ജനിച്ച അദ്ദേഹം അറിയപ്പെട്ടത് കലാഭവന്റെ സ്ഥാപക ഡയറക്ടറായാണ്. മലയാള സിനിമാലോകത്തിന് സൂപ്പർ സ്റ്റാറുകളെ സമ്മാനിച്ചത് അച്ചന്റെ കലാഭവനാണെന്നത് പിറവത്തുകാർക്ക് എന്നും അഭിമാനിക്കാൻ വക നൽകുന്നതാണ്. ആബേലച്ചനോടുള്ള സ്നേഹ ബഹുമാനങ്ങൾ എന്നും ഉള്ളിൽ സൂക്ഷിക്കുന്ന എനിക്ക്, ആ മഹാപ്രതിഭയെ നമ്മുടെ നാട്ടുകാർ വേണ്ടവിധത്തിൽ അറിയുകയും ആദരിക്കുകയും ചെയ്തോ എന്ന കാര്യത്തിൽ ഇന്നും സംശയമുണ്ട്. അതിന് പരിഹാരമായാണ് 'രാജീവ്ഗാന്ധി കൾച്ചറൽ ഫോറം' 'ആബേൽ അച്ചൻ അനുസ്മരണ'വുമായി മുന്നോട്ടുവന്നത്. ഇന്നാട്ടുകാരനായ അച്ചന്റെ കർമ്മകാണ്ഡം ഏറെയും പുറത്തായിരുന്നതിനാലാണ് അച്ചനെ ഇവിടത്തെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടിവരുന്നത്. അതിന് ഉതകുന്ന തരത്തിൽ അച്ചനെപ്പറ്റി ഒരു പുസ്തകം തയ്യാറാക്കി അനുസ്മരണ ചടങ്ങിൽ പ്രകാശനം ചെയ്യണമെന്നും കൾച്ചറൽ ഫോറം തീരുമാനിക്കുകയായിരുന്നു.

ഫാ. ഡോ. ആബേലിന്റെ ജ്യേഷ്ഠ സഹോദര പുത്രൻ പ്രശസ്ത കാർഡിയോളജിസ്റ്റ് ഡോ. ജോസ് ചാക്കോ പെരിയപ്പുറവുമായുള്ള ആത്മബന്ധമാണ് ഫാ. ആബേൽ അനുസ്മരണ ചടങ്ങ് സംഘടിപ്പിക്കാൻ എനിക്കും രാജീവ്ഗാന്ധി കൾച്ചറൽഫോറത്തിനും പ്രചോദനമേകിയത്. കലാഭവൻ കാരൂർ ഗോപി രചനയും സംഗീത സംവിധാനവും നിർവ്വഹിച്ച് സണ്ണി മണപ്പാട്ടും മിന്നുവും ചേർന്ന് പാടിയ ഫാ. ആബേൽ അനുസ്മരണ ഗാനങ്ങളടങ്ങിയ സി.ഡി. യുടെ പ്രകാശനവും, കലാഭവൻ രവിചന്ദ്രൻ വരച്ച ഫാ. ആബേലിന്റെ ഛായാചിത്ര പ്രകാശനവും നവംബർ 15 ന് നടക്കുകയാണ്. ഈ പ്രവർത്തനങ്ങളിൽ എനിക്കുള്ള കൃതാർത്ഥതയും ഞാൻ നിങ്ങളുടെ മുമ്പിൽ അറിയിക്കുന്നു.

ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ആബേലച്ചനെ അറിയാനുള്ള പുസ്തകം ആര് തയ്യാറാക്കുമെന്ന ചിന്ത ഉയർന്നപ്പോൾ മനസ്സിലേക്ക് ഓടി വന്നത് എന്റെ പ്രിയസുഹൃത്ത് മാതൃഭൂമി ലേഖകൻ ശ്രീ. വിശ്വനാഥന്റെ ചിരിക്കുന്ന മുഖമാണ്. ഒട്ടും വൈകിയില്ല വിശ്വനെ വിളിച്ചു കാര്യം പറഞ്ഞു. ആദ്യമൊന്നു മടിച്ചെങ്കിലും, എന്റെ നിർബന്ധത്തിന് വഴങ്ങി അദ്ദേഹം ആ ദൗത്യം ഏറ്റെടുക്കുകയായിരുന്നു. വിശ്വൻ ഏറ്റെടുത്താൽ അത് വിജയിക്കുമെന്നു എനിക്ക് ഉറപ്പുണ്ട്. അതുകൊണ്ടാണ് ആ ചുമതല അദ്ദേഹത്തെ തന്നെ ഏല്പിച്ചത്. അതിപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു. രാജീവ് ഗാന്ധി കൾച്ചറൽ ഫോറം തന്നെ ഈ പുസ്തകം ഏറ്റെടുത്ത് പ്രസിദ്ധീകരിക്കുകയാണ്.


ഏതാനും ദിവസങ്ങൾകൊണ്ട് ആബേലച്ചനെ പഠിച്ച് ഈ പുസ്തകം തയ്യാറാക്കിയ എന്റെ സുഹൃത്ത് ശ്രീ. വിശ്വനാഥന് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട് ഈ പുസ്തകം സജ്ജനസമക്ഷം സമർപ്പിക്കുന്നു.

പിറവം,
10 – 11 – 2014.

സാബു കെ. ജേക്കബ്
ചെയർമാൻ, രാജീവ്ഗാന്ധി കൾച്ചറൽ ഫോറം പിറവം




ആബേലച്ചൻ ജനിച്ച മുളക്കുളം വടക്കേക്കരയിലെ പെരിയപ്പുറം തറവാട്



ആബേലച്ചൻ - ഒരു പഴയ ചിത്രം

7




കലാഭവൻ അങ്കണത്തിൽ സ്ഥാപിച്ചിട്ടുള്ള ആബേലച്ചന്റെ അർദ്ധകായ പ്രതിമ

## അൾത്താരയിലെ വാനമ്പാടി

'അൾത്താരയിലെ വാനമ്പാടി' എന്ന് വിശ്വാസികൾക്കിടയിൽ വിഖ്യാതനായ ആദരണീയനായ ഫാ. ആബേലിനെ കേരളീയ സമൂഹത്തിന് പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. എറണാകുളത്തെ കലാഭവന്റെ ജീവാത്മാവും പരമാത്മാവുമായിരുന്ന ഫാ. ആബേലിനെ ആർക്കാണ് അറിയാത്തത്. കലാഭവൻ തങ്ങളുടെ മിമിക്സ് പരേഡും ഗാനമേളയുമായി എത്താത്ത സ്ഥലങ്ങൾ കേരളക്കരയിലുണ്ടാവുകയില്ല. കലാഭവന്റെ മിമിക്സ് പരേഡ് അരങ്ങ് തകർത്താടിയ കാലം അത്ര വിദൂരത്തിലുമല്ല.

ഫാ. ആബേലിന്റെ കലാഭവൻ എത്രയെത്ര താരങ്ങളെയാണ് കലാകേരളത്തിന് സമ്മാനിച്ചത്. കലാഭവന്റെ ചരിത്രം കലാ കേരളത്തിന്റെ ചരിത്രമാണ്. അതിനാൽ കലാഭവന്റെ സ്ഥാപക ഡയറക്ടറായ പിറവത്തിന്റെ സ്വന്തം ആബേലച്ചനെയാണ് ഇവിടെ പരിചയപ്പെടുത്താൻ ശ്രമിക്കുന്നത്.

സുറിയാനി ഭാഷയിൽ അർത്ഥമറിയാതെ പറഞ്ഞും പാടിയും മനസ്സിൽ പതിഞ്ഞ ദൈവവചനങ്ങൾ പച്ചമലയാളത്തിൽ മനസ്സിൽ പതിയുന്ന പാട്ടുകളാക്കി മാറ്റിയ ഫാ. ആബേൽ, പിറവം പെരിയപ്പുറം ആബേലച്ചൻ, ആ ആബേലച്ചനെ നമുക്കൊന്നു പരിചയപ്പെടാം.

കർമ്മലീത്ത വൈദികൻ, പത്രപ്രവർത്തകൻ, അദ്ധ്യാപകൻ, ഹോസ്റ്റൽ വാർഡൻ തുടങ്ങി വിവിധ നിലകളിൽ മികവ് തെളിയിച്ച ആബേലച്ചൻ ലിറ്റർജിയുടെ മലയാളവത്കരണത്തിലൂടെയാണ് വിശ്വാസികൾക്ക് പ്രിയങ്കരനായത്. സുറിയാനി ആരാധനാക്രമം വിവർത്തനം ചെയ്ത് മലയാളത്തിലാക്കിയ ഫാ. ആബേലിന്റെ ചില പ്രത്യേക രചനകൾ ഇന്നും കേരളം ഒട്ടാകെ ഏറ്റുപാടുന്നത് കേൾക്കുമ്പോഴാണ് അദ്ദേഹത്തിന്റെ രചനാവൈഭവത്തിന്റെ പ്രസക്തിയും പ്രാധാന്യവും ബോധ്യമാകുന്നത്. സംസ്കാര ശുശ്രൂഷകൾക്കിടയിലെ സുറിയാനി ഗീതങ്ങൾ ആബേലച്ചനിലൂടെ മൊഴിമാറ്റപ്പെട്ടപ്പോൾ മരണപ്പാട്ടുകൾ, മരണഗീതങ്ങൾ തുടങ്ങിയ നിലകളിൽ അവ ശ്രദ്ധേയമായി. ഈശ്വരൻ മതം, മരണം തുടങ്ങി മനസ്സിനെ മദിക്കുന്ന സങ്കീർണ്ണങ്ങളായ സമസ്യകൾ വളരെ ലളിതമായി പ്രതിപാദിച്ചിരിക്കുന്ന ഈ പാട്ടുകളാണ് മരണവീടുകളെ ശോക സാന്ദ്രമാക്കുന്നത്. 'മരണമെന്ന' അനിവാര്യതയെ നേരിടാൻ കരുത്തു പകരുന്നവയാണ് അച്ചന്റെ പാട്ടുകൾ. മരണമെന്നത് ആരാലും മാറ്റപ്പെടാനാവാത്ത നിത്യസത്യമാണെന്ന ചിന്തയും അവ പകർന്നു തരും.

കോഴിക്കോട് ദേവഗിരി കോളേജിൽ സുറിയാനി വിഭാഗം പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നതിനിടയിലാണ് 45-ാം വയസ്സിൽ

ആബേലച്ചൻ എറണാകുളത്തെത്തുന്നത്. കത്തോലിക്കാസഭയിൽ ഭാരതവത്കരണം എന്ന ആശയം മുന്നോട്ടുവച്ച ആദരണീയനായ ജോസഫ് പാറേക്കാട്ടിൽ മെത്രാപ്പോലീത്തയുടെ ക്ഷണം സ്വീകരിച്ചാണ് ആബേലച്ചൻ കൊച്ചിയിലെത്തിയത്. സുറിയാനി ആരാധനാക്രമം പൂർണ്ണമായി മലയാളത്തിലാക്കുക എന്നതായിരുന്നു അദ്ദേഹത്തിൽ നിക്ഷിപ്തമായ ദൗത്യം. ഒരു പതിറ്റാണ്ട് നിന്ന തീവ്രമായ തപസ്യയിലൂടെയാണ് ആബേലച്ചൻ ആ ദൗത്യം പൂർത്തിയാക്കിയത്.

പ്രാർത്ഥനകളും പാട്ടുകളുമായുള്ള ഇരുപതോളം കൃതികൾ അദ്ദേഹം രചിച്ചത് ഈ കാലത്താണ്. സീറോ മലബാർ സഭയ്ക്കുവേണ്ടി അദ്ദേഹം നടത്തിയ വിവർത്തന യജ്ഞം ഫാ. ആബേലിനെ മറ്റൊരു മനുഷ്യനാക്കിയെന്നു കരുതണം. പ്രാർത്ഥനകളും മൃതദേഹസംസ്കാര ശുശ്രൂഷകളിലെ ഗീതങ്ങളും ഫാ. ആബേൽ മലയാളത്തിലാക്കിയപ്പോൾ അത് സുറിയാനിയിലെ മൂലരൂപത്തെക്കാളും ഹൃദയസ്പർശിയായെന്നാണ് വിലയിരുത്തപ്പെട്ടത്.

വൈദികരുടേയും അൽമായരുടേയും സംസ്കാരകർമ്മങ്ങൾ, മരണത്തിനു മുമ്പും ശേഷവുമുള്ള പ്രാർത്ഥനകൾ, പാട്ടു കുർബാന, തിരുന്നാൾ റാസ, മരിച്ചവരുടെ ഓർമ്മ, തിരുന്നാൾ കർമ്മങ്ങൾ, ക്രിസ്മസ് പ്രാർത്ഥനകൾ, മെത്രാഭിഷേകം, ദേവാലയ പ്രതിഷ്ഠ, കാനോന നമസ്കാരം തുടങ്ങിയവ ഫാ. ആബേൽ പരിഭാഷപ്പെടുത്തിയ പ്രധാന കൃതികളാണ്.

കാനോന നമസ്കാരം മൂന്ന് വാല്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചത്. ക്രിസ്തുവിന്റെ ശിഷ്യരിൽ പ്രമുഖനായ വി. മത്തായിയുടെ സുവിശേഷം ഫാ. ആബേൽ മലയാളത്തിലാക്കിയിരുന്നു. സംഗീത സുവിശേഷം ഫാ. ആബേലിന്റെ മറ്റൊരു കൃതിയാണ്. കരിസ്മാറ്റിക് ഗാനങ്ങളും കീർത്തനങ്ങളുമടക്കം ആയിരത്തിലേറെ പാട്ടുകൾ അദ്ദേഹം മലയാളത്തിലാക്കിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ കലാഭവൻ റിക്കാർഡുകളും കാസെറ്റുകളുമായി പുറത്തിറക്കിയിട്ടുണ്ട്. വിവർത്തനങ്ങൾക്കൊപ്പം ആബേലച്ചന്റെ മൗലിക രചനകളും ഏറെയുണ്ട്.

## കലാഭവന്റെ തുടക്കം

മൊഴിമാറ്റം ചെയ്ത ആരാധനാക്രമങ്ങളും പാട്ടുകളും കേരളീയ ഗാനരീതിക്കനുസൃതമായി സംഗീതാവിഷ്കാരം നടത്താൻ വേണ്ടി ഫാ. ആബേൽ ആരംഭിച്ച കലാസംഘടനയാണ് ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബ്. ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബിലെ സംഗീതാദ്ധ്യാപകനായിരുന്ന കെ.കെ. ആന്റണി മാസ്റ്ററാണ് അച്ചന്റെ പാട്ടുകൾക്ക് കേരളീയ ശൈലിയിൽ സംഗീതം പകർന്നത്.

എറണാകുളത്ത് അതിരൂപത ബിഷപ്പ്സ് ഹൗസിനോട് ചേർന്ന് ചെറിയൊരു മുറിയിലാണ് അന്ന് ക്രിസ്ത്യൻ ആർട്ട്സ് ക്ലബ് പ്രവർത്തിച്ചിരുന്നത്. ആബേലച്ചന്റെ ഈ സംരംഭത്തിൽ ആകൃഷ്ടരായി സംഗീതജ്ഞരും, സാങ്കേതിക വിദഗ്ദ്ധരുമടങ്ങുന്ന വലിയൊരു വിഭാഗം ക്രിസ്ത്യൻ ആർട്ട്സ് ക്ലബിൽ ചേർന്നു. മതത്തിന്റെ അതിർവരമ്പുകൾക്കപ്പുറം ഒട്ടേറെ പുതിയ പാട്ടുകാരും, ഉപകരണ സംഗീത വിദഗ്ദ്ധരും ക്ലബിൽ ചേർന്നതോടെ ക്ലബിന്റെ മുഖഛായ മാറി. പ്രവർത്തന ശൈലിയിലും കാതലായ മാറ്റങ്ങൾക്ക് അതിടയാക്കി. 1969 ൽ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ് കലാഭവന് വഴിമാറി. മതപരമായ ദൗത്യങ്ങൾക്കപ്പുറം മൗലികമായ കലോപാസനയ്ക്കായി കലാഭവൻ പുനരർപ്പിതമായി. പ്രഥമ ഡയറക്ടറായി ഫാ. ആബേലിനെ തിരഞ്ഞെടുത്തു.

ജനങ്ങളുടെ മാറുന്ന ആസ്വാദനക്ഷമതയ്ക്ക് അനുസൃതമായി പുതുപുത്തൻ ആശയങ്ങളുമായി അരങ്ങിലെത്തിയ കലാഭവനെ ജാതി, മത, ചിന്തകൾക്കതീതമായി കലാസ്വാദകർ രണ്ട് കൈയ്യും നീട്ടി സ്വീകരിച്ചു. എറണാകുളം ടൗൺഹാളിനോടു ചേർന്നുണ്ടായിരുന്ന 11 സെന്റ് സ്ഥലം തുച്ഛമായ വിലയ്ക്ക് കലാഭവനു നല്കിയത് അഭിവന്ദ്യ പാറേക്കാട്ടിൽ തിരുമേനിയാണ്. ഇന്നു കാണുന്ന കലാഭവൻ മന്ദിരത്തിന് തറക്കല്ലിട്ടതും അഭിവന്ദ്യ മെത്രാപ്പോലീത്തയായിരുന്നു.

അച്ചന്റെ ഓജസ്സും തേജസ്സുമെല്ലാം കത്തിജ്വലിച്ച് നിന്നത് കലാഭവനിലാണ്. അച്ചന്റെ കർമ്മകാണ്ഡത്തിന്റെ വലിയ പങ്കും ആടിത്തിമിർത്തതും കലാഭവനിലാണ്. ആ നിലയ്ക്ക് കലാഭവന്റെ ചരിത്രം ആബേലച്ചന്റെകൂടി ചരിത്രമാണ്.

## അച്ചനെ അറിയാൻ കലാഭവനിലേക്ക്

അച്ചന്റെ കുടുംബാംഗമായ ശ്രീ. ജിൽസ് പെരിയപ്പുറവും പിറവത്തെ പ്രമുഖ ഫോട്ടോഗ്രാഫർ ശ്രീ. പ്രിൻസ് ഡാലിയയുമൊത്താണ് ഞാൻ കലാഭവനിൽ എത്തിയത്. കലാഭവന് മുന്നിൽ വണ്ടി നിർത്തി ഇറങ്ങിചെല്ലുമ്പോൾ അവിടെ ഒരുപറ്റം വനിതകൾ ശിങ്കാരിമേളത്തിനൊരുങ്ങുകയായിരുന്നു. ചെണ്ടയുടെ താളവും ലയവും മനസ്സിൽ കൊണ്ട് നടക്കുന്ന എനിക്ക് അത് നന്നേ പിടിച്ചു. ഇതൊരു നല്ല മുഹൂർത്തമാണല്ലോ എന്ന് മനസ്സ് മന്ത്രിക്കുകയും ചെയ്തു.

കലാഭവൻ പ്രസിഡന്റ് ശ്രീ. ആൻഡ്രു നെറ്റിക്കാടനും സെക്രട്ടറി ജെയിംസ് കുളത്തുങ്കലും ഞങ്ങളെ സ്വീകരിക്കാനെന്നപോലെ അന്ന് അവിടെ എത്തിയിരുന്നു. ഗാനമേളയ്ക്കും മിമിക്സ് പരേഡിനുമൊപ്പം, ബാൻഡ്

മേളവും തങ്ങളുടെ സ്വന്തം പരിപാടിയായി കൊണ്ടുനടക്കുന്ന കലാഭവന് ഒരു മേളസംഘം കൂടി വേണമത്രെ. വനിതകളുടെ ശിങ്കാരിമേള സംഘത്തെ കലാഭവന്റെ ട്രൂപ്പാക്കാൻ പറ്റുമോ എന്നറിയാനുള്ള പരീക്ഷയ്ക്ക് എത്തിയതാണ് പെൺസംഘം ചെണ്ടയുമായി.

കലാഭവന്റെ ഓഫീസിലിരുന്ന് നെറ്റിക്കാടനും കുളത്തുങ്കലും മനസ്സ് തുറന്നു. അച്ചനെപ്പറ്റിയുള്ള ഓർമ്മകൾ അവർ പങ്കുവച്ചു. 'ദീപിക'യിൽ അച്ചൻ ബാലസഖ്യം കൊച്ചേട്ടനായി പ്രവർത്തിക്കുമ്പോൾ ബാലസഖ്യത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു ഞാൻ, 'കലാഭവൻ' സെക്രട്ടറി ജെയിംസ് കുളത്തുങ്കൽ പറഞ്ഞു. ക്രിസ്ത്യൻ ആർട്സ് ക്ലബ്ബ് കലാഭവനായി മാറിയതും കലാഭവന് പുതിയ മന്ദിരങ്ങൾ ഉണ്ടായതും ഗാനമേളയും മിമിക്സ് പരേഡുമായി കലാഭവൻ നടത്തിയ ജൈത്രയാത്രയുമെല്ലാം അവർ അനുസ്മരിച്ചു. പ്രതിസന്ധികളും എതിർപ്പുകളുമെല്ലാം പലകാലത്തും പല കോണുകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. അവിടെയൊന്നും അച്ചനും അനുയായികളും പതറിയില്ല.

ആബേലച്ചന്റെ രചനകളെപ്പറ്റി പറയുമ്പോൾ അച്ചന്റെ പാട്ടുകളിലെ ഭാരതീയത ചൂണ്ടിക്കാണിച്ചത് ജെയിംസ് കുളത്തുങ്കലാണ്. 'ഈശ്വരനെതേടിയലഞ്ഞ' ആബേലച്ചനെയാണ് അദ്ദേഹം സൂചിപ്പിച്ചത്.

*'അവസാനം എന്നിലേക്ക് ഞാൻ തിരിഞ്ഞു*
*ഹൃദയത്തിലേക്ക് ഞാൻ കടന്നു'*
*അവിടെയാണീശ്വരന്റെ വാസം*
*സ്നേഹമാണീശ്വരന്റെ രൂപം'*

ഇതുതന്നെയല്ലേ ഭാരതീയ ഈശ്വരസങ്കല്പം. ജെയിംസ് കുളത്തുങ്കലിന്റെ ചോദ്യം എന്റെ മനസ്സിലെ ഒരു നൂറ് ചോദ്യങ്ങളുമായി ഇഴചേർന്നു. എറണാകുളത്തേക്കുള്ള യാത്രക്കിടയിൽ ഞങ്ങൾ ഇക്കാര്യം സംസാരിച്ചിരുന്നു. ഇതിനിടയിൽ ഞങ്ങൾ കലാഭവൻ ചുറ്റിനടന്നുകണ്ടു. അച്ചന്റെ പാട്ടുപുസ്തകങ്ങളും സുവനീറുമെല്ലാം അവർ തന്നു. പുസ്തകത്തിലേക്ക് വേണ്ട അത്യാവശ്യ ചിത്രങ്ങൾ പ്രിൻസ് എടുക്കുന്നുണ്ടായിരുന്നു.

ഇതുകൊണ്ടായില്ലല്ലോ. അച്ചനെപ്പറ്റി ഇനിയും പലതും അറിയണം. പി.എം. മാത്യു എങ്ങിനെയാണ് ഫാ. ആബേലായി മാറിയത്. നാട്ടിൻപുറത്തെ ഒരു സാധാരണ ക്രൈസ്തവ പുരോഹിതനു കലയുടെ കേദാരമായി മാറിയ 'കലാഭവൻ' എന്ന സ്ഥാപനം തുടങ്ങാൻ എങ്ങനെ കഴിഞ്ഞു.

## പെരിയപ്പുറത്തെ മത്തച്ചൻ

പെരിയപ്പുറമെന്നത് ഒരു തറവാടിന്റെ പേരാണോ, ഒരു ഗ്രാമത്തിന്റെ പേരാണോ എന്നതിന് കൃത്യമായ ഉത്തരം പറയാനാവില്ല. എന്നാൽ പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാരുടെ തറവാട് എന്ന നിലയ്ക്കാണ് 'പെരിയപ്പുറം' അന്നും ഇന്നും അറിയപ്പെടുന്നത്. കഴുത്തിന് മുകളിലേക്കുള്ള ചികിത്സയാണ് ഇവിടെ പ്രധാനം. ശിരോരോഗ സ്പെഷ്യലിസ്റ്റുകളായിരുന്ന പെരിയപ്പുറത്തെ വൈദ്യൻമാർ. അതിനാൽ തലവേദനയടക്കം തലയുമായി ബന്ധപ്പെട്ട എന്ത് അസുഖം വന്നാലും പെരിയപ്പുറത്തിന്റെ ചികിത്സ വളരെ പ്രധാനമായിരുന്നു.

പെരിയപ്പുറമെന്ന പേരിൽ മുളക്കുളം വടക്കേക്കരയിൽ ഒരു ഗ്രാമം തന്നെയുണ്ട്. പെരിയപ്പുറത്തെ പ്രസിദ്ധനായ മാത്തൻ വൈദ്യർ - കുഞ്ഞേലി ദമ്പതികളുടെ മക്കളിൽ അഞ്ചാമനായി ജനിച്ച മാത്യു ആണ് പിൽക്കാലത്ത് ഫാ. ആബേലായി മാറിയത്. 1920 ജനുവരി 19 ന് ജനിച്ച കുട്ടിയ്ക്ക് പാരമ്പര്യ രീതിയനുസരിച്ചാണ് മാത്യു എന്ന് പേരിട്ടത്. മാത്യുവിന്റെ മാമ്മോദീസ പേര് മത്തച്ചൻ എന്നായിരുന്നു. സ്കൂളിൽ ചേർന്നതോടെ അത് പി.എം. മാത്യു എന്നായി.

എഴുതാനുള്ള വാസന നന്നേചെറുപ്പത്തിൽതന്നെ മാത്യുവിൽ പ്രകടമായിരുന്നു. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ (അന്നത്തെ സിക്സ്ത് ഫോറം) മാത്യു പെരിയപ്പുറം എന്നപേരിൽ കർമ്മലകുസുമം മാസികയിൽ പ്രസിദ്ധീകരിച്ച 'അർത്ഥം അനർത്ഥത മൂലം' എന്ന കവിതയാണ് ആദ്യരചനയെന്ന് കരുതുന്നു. മുളക്കുളം സെന്റ് ആന്റണീസ് എൽ.പി. സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കർമ്മലീത്ത സഭയിൽ വൈദിക പഠനത്തിന് ചേർന്ന മാത്യു, അമ്പഴക്കാട്ടും ചെത്തിപ്പുഴയിലും കൂനമ്മാവിലും മംഗലപ്പുഴയിലുമായാണ് പഠനം പൂർത്തിയാക്കിയത്. 1942 ഒക്ടോബർ 15 നാണ് അദ്ദേഹം ആബേൽ എന്ന സന്യാസനാമം സ്വീകരിച്ചത്.

ദിവ്യബലിക്ക് ഉപയോഗിച്ചിരുന്ന സുറിയാനി ഗീതങ്ങൾ സഭാ അധികൃതരുടെ നിർദ്ദേശമനുസരിച്ച് 1948-49 കാലത്താണ് മലയാളത്തിലേക്ക് മൊഴിമാറ്റിയത്. 'ദിവ്യബലി' എന്ന ചെറുകൃതിയും പൂക്കാലം എന്ന പേരിൽ പ്രാർത്ഥനാപാട്ടുകളുടെ സമാഹാരവും അക്കാലത്ത് എഴുതിയതാണ്.

മാർ മാത്യു കാവുങ്കട്ടയിൽ മെത്രാപ്പോലീത്തയിൽ നിന്നാണ് ആബേൽ ശെമ്മാശ്ശൻ പൗരോഹിത്യം സ്വീകരിച്ചത്. 1951 മാർച്ച് 12 ന് ചെത്തിപ്പുഴ ആശ്രമ ദേവാലയത്തിലായിരുന്നു ഇത് സംബന്ധിച്ച ചടങ്ങുകൾ. അങ്ങനെ ഫാ. ആബേലായി മാറിയ അദ്ദേഹത്തെ, പിന്നെ നാം കാണുന്നത് വികാരിയായിട്ടല്ല. ദീപികയിൽ പത്രപ്രവർത്തകനായിട്ടാണ്. ദീപികയിൽ ആറ് മാസക്കാലം പത്രാധിപസമിതി അംഗമായി പ്രവർത്തിച്ച ഫാ. ആബേൽ ഉപരിപഠനത്തിനായി 1957-ൽ റോമിലേയ്ക്ക് പോയി. റോമിൽ ഇന്റർനാഷണൽ

യൂണിവേഴ്സിറ്റിയിൽ നിന്നും പൊളിറ്റിക്സിൽ ഡോക്ടറേറ്റും ജേർണലിസത്തിൽ ഡിപ്ലോമയുമായിട്ടായിരുന്നു ഫാ. ആബേലിന്റെ തിരിച്ചുവരവ്.

മടങ്ങിയെത്തിയ ഫാ. ആബേൽ വീണ്ടും ദീപികയിൽ ചേർന്നു. ദീപികയിൽ അസി. മാനേജിംഗ് എഡിറ്ററായി സേവനമനുഷ്ഠിച്ച ഫാ. ആബേൽ കുട്ടികളുടെ പംക്തിയാണ് കൈകാര്യം ചെയ്തത്. ദീപികയിൽ കുട്ടികളുടെ കൊച്ചേട്ടനായിരുന്നു ഫാ. ആബേൽ. ദീപിക വായനക്കാർക്കിടയിലും കുട്ടികളുടെ ഇടയിലും കൊച്ചേട്ടൻ വളരെ പ്രശസ്തനായിരുന്നു. ദീപികയിൽ നാല് കൊല്ലത്തെ സേവനത്തിനു ശേഷമാണ് ഫാ. ആബേൽ കോഴിക്കോട് ദേവഗിരിയിൽ സുറിയാനി അദ്ധ്യാപകനായി ചേർന്നത്.

## ഫാ. ആബേലിന്റെ ഈശ്വര സങ്കൽപം

ഈശ്വരനെ തേടി ഞാൻ അലഞ്ഞു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു
അവിടെയുമില്ലിവിടയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ

ഈശ്വരനെ സംബന്ധിച്ച ഫാ. ആബേലിന്റെ വീക്ഷണം സുവ്യക്തമാക്കുന്നവയാണ് ഈ ഗാനം.

മുളക്കുളം പെരിയപ്പുറത്തെ സാധാരണ കുടുംബത്തിൽ ജനിച്ച് നാട്ടിൻപുറത്തിന്റെ നന്മയും വിശുദ്ധിയുമെല്ലാം ഉൾക്കൊണ്ടാണ് ഫാ. ആബേൽ വളർന്നത്. കർമ്മലീത്ത സന്യാസ സമൂഹത്തിന്റെ ഭാഗമായി മാറിയ ആ വൈദികനിൽ ഈശ്വരനെ സംബന്ധിച്ച സഭയുടെ കാഴ്ചപ്പാടുകൾ രൂഢമൂലമാക്കുക സ്വാഭാവികം മാത്രമാണ്. കാനോന നമസ്കാരമടക്കമുള്ള സഭയുടെ നടപടിക്രമങ്ങൾ മലയാളീകരിക്കാൻ ലഭിച്ച അവസരം അദ്ദേഹത്തിൽ ദൈവവിചാരം കുറെക്കൂടി ശക്തമാക്കാനാകും ഇടയാക്കിയിരിക്കുക. ആരാധനാക്രമത്തിന്റെ വിവർത്തനത്തിലും വിവിധ സുറിയാനി ഗീതങ്ങളുടെ വിവർത്തനത്തിലും അതിൽ അച്ചന്റെ ആശയഗതികൾ വലിയതോതിൽ കടന്നുവരാനിടയില്ല. പദാനുപദ വിവർത്തനത്തിനിടയിൽ അത്തരമൊരു ആശയകൈമാറ്റത്തിന് സാധ്യത തീരെയില്ലതന്നെ. മറിച്ച് അച്ചന്റെ മൗലിക രചനകളിൽ അദ്ദേഹത്തിന്റെ ആശയങ്ങളും സങ്കല്പങ്ങളുമാകും കടന്നുവരിക. ക്രൈസ്തവ വിശ്വാസവും ഈശ്വരസങ്കല്പവും സുവിശേഷങ്ങളുമെല്ലാം ഇടകലർന്ന് വരുന്നവയാണ് അച്ചന്റെ പാട്ടുകൾ. തർജ്ജിമയേത്, മൗലിക രചനയേത് എന്ന് തിരിച്ചറിയാനാകാത്തവിധം ആഴവും പരപ്പും നിറഞ്ഞവയാണ് ഈ പാട്ടുകൾ. കൃത്യമായി വകതിരിച്ച് പറയാൻ അച്ചന്റെ സന്തതസഹചാരികൾക്ക് കൂടി കഴിയുന്നില്ല. എന്നാൽ ബൈബിൾ സന്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായി നിൽക്കുന്ന ചില പാട്ടുകൾ അവയിൽ നമുക്ക് കാണാൻ

കഴിയും. അത്തരത്തിൽപ്പെട്ട ഒന്നാണ് 'ഈശ്വരനെ തേടി ഞാൻ അലഞ്ഞു' എന്ന ഗാനം.

ഈശ്വരനെ സംബന്ധിച്ച ഭാരതീയ വീക്ഷണവും ഭാരതീയ തത്വശാസ്ത്രവുമാണ് ഈ പാട്ടിൽ അന്തർലീനമായിട്ടുള്ളത്. 'അഹം ബ്രഹ്മാസ്മി' തുടങ്ങിയ വേദാന്തസാരങ്ങൾ ദ്യോതിപ്പിക്കുന്നത് ഈശ്വരൻ മറ്റാരുമല്ല, മറ്റെവിടെയുമല്ല, തന്നിൽതന്നെയാണ് എന്ന ചിരന്തന സത്യത്തെയാണ്.

ഈശ്വരൻ നമ്മുടെ ഉള്ളിൽതന്നെയാണ് കുടികൊള്ളുന്നത്. ആത്മപ്രകാശമായി നമ്മുടെ ഉള്ളിൽ കുടികൊള്ളുന്ന ഈശ്വരനെ തന്നെയാണ് നാം കണ്ടെത്തേണ്ടത്. ഈശ്വരനും മനുഷ്യനും രണ്ടല്ല ഒന്ന് തന്നെയാണ് എന്നതാണ് ഭാരതത്തിന്റെ സനാതന കാഴ്ചപ്പാട്. ഭാരതത്തിന്റെ ഈ ഈശ്വര സങ്കല്പത്തെ പച്ചമലയാളത്തിൽ കോറിയിടുമ്പോഴാണ്

*അവസാനമെന്നിലേക്ക് ഞാൻ തിരിഞ്ഞു*
*ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു:*
*അവിടെയാണീശ്വരന്റെ വാസം*
*സ്നേഹമാണീശ്വരന്റെ രൂപം.* എന്ന വരികൾ ജനിക്കുന്നത്.

*കരയുന്ന ദൈവത്തെ കണ്ടോ*

*പാരിലലയുന്ന ദൈവത്തെ കണ്ടോ* എന്ന ഫാ. ആബേലിന്റെ മറ്റൊരു ഗാനം നോക്കു.

ജീവിതക്കയത്തിൽപ്പെട്ട് നട്ടംതിരിയുന്ന പാവങ്ങളിൽ ദൈവത്തെ കാണുകയാണ് ഫാ. ആബേൽ. ഇതേ ഗാനത്തിലെ മറ്റൊരുഭാഗം നോക്കു..

*'ഒരു വറ്റ് ചോറിന് കൈനീട്ടി നിൽക്കുന്ന*
*വിവശനാം ദൈവത്തെ കണ്ടോ?'*

ഇതിലെ ഈശ്വരൻ ദാരിദ്ര്യത്തിൽപ്പെട്ട് ഉഴലുന്ന, വിശപ്പടക്കാൻ വഴിയില്ലാതെ കരഞ്ഞ് തളർന്ന് വീഴുന്ന പച്ചമനുഷ്യനാണ്. പ്രൊഫ. എം. ലീലാവതിയുടെ വാക്കുകളിൽ പറഞ്ഞാൽ ഇവിടെ ദരിദ്രർക്ക് സ്വർഗ്ഗരാജ്യമുണ്ടെന്ന വാഗ്ദാനം കൊണ്ട് അവനെ എന്നും ദരിദ്രനാക്കി നിറുത്താനുള്ള വ്യഗ്രതയല്ല, മറിച്ച് ദാരിദ്ര്യനിർമ്മാർജ്ജനം ഈശ്വരസേവയാണെന്ന ഉത്ബോധനമാണ് അടങ്ങിയിരിക്കുന്നത്. സമാനമായ കവിതകൾ മലയാളത്തിൽ വേറെയുമുണ്ട്.

*ഈശ്വരൻ മനുഷ്യനായ് അവതരിച്ചു*
*ഈ മണ്ണിൻ ദുഃഖങ്ങൾ സ്വയംവരിച്ചു*
*ഇരവും പകലും കടലും കരയും*
*ഇഴചേർന്ന ജീവിത കളിയരങ്ങിൽ*

എന്ന വയലാറിന്റെ പ്രസിദ്ധമായ സിനിമാഗാനം യാചകന്റെ രൂപത്തിൽ വന്ന ഈശ്വരൻ ഭൂമിയിൽ നേരിട്ട യാതനകളാണ് വരച്ചുകാട്ടുന്നത്.

*അടുത്ത നിൽപോരനുജനെ നോക്കാ-*
*നക്ഷികളില്ലാത്തോർക്ക -*
*രൂപനീശ്വരനദൃശ്യനെങ്കി -*
*ലതിലെന്താശ്ചര്യം ?*

എന്ന മഹാകവി ഉള്ളൂരിന്റെ വരികൾ വിരൽ ചൂണ്ടുന്നതും മാനവ സേവയാണ് ഈശ്വരോപാസന എന്ന മഹത്തായ സങ്കല്പത്തിലേക്കാണ്. ഫാ. ആബേലിന്റെ മൗലികരചനകളിലൊക്കെയും മുഴങ്ങുന്നത് ഇത്തരം സന്ദേശങ്ങളാണ് എന്നു സൂചിപ്പിക്കാനാണ്....... ഇവിടെ ശ്രമിച്ചത്.

## കല ഈശ്വരോപാസനയ്ക്ക്

ഭാരതത്തിൽ എല്ലാത്തരം കലകളും ഈശ്വരോപാസനയ്ക്ക് വേണ്ടിയായിരുന്നു. സംഗീതമായാലും സാഹിത്യമായാലും ചിത്രകലയായാലും വാദ്യകലകളായാലും എന്നുവേണ്ട മനസ്സിനെ രഞ്ജിപ്പിക്കുന്ന ഏത് കലയും കലാകാരന് ഈശ്വരോപാസനക്കുള്ള മാധ്യമമായിരുന്നു.

ഭാരതത്തിലെന്നല്ല, ലോകത്തെവിടെയും അത് അങ്ങനെയാകാനാണ് സാദ്ധ്യത. ഭാരതത്തിന്റെ പ്രത്യേക സാംസ്കാരിക പൈതൃകത്തിന് കീഴിൽ കലോപാസനയ്ക്ക് കുറെകൂടി വലിയ സ്ഥാനമുണ്ടായിരുന്നു. കലയെ ഈശ്വരനായി കരുതി ഉപാസിച്ച അല്ലെങ്കിൽ തന്റെ കലയിലൂടെ ആത്മസമർപ്പണം നടത്തി ഈശ്വരസാക്ഷാത്കാരം നേടിയ എത്രയോ മഹത്തുക്കൾ ജീവിച്ച നാടാണിത്. സംഗീതത്തിലൂടെ ഈശ്വരനെ ഉപാസിച്ച് ആത്മസംതൃപ്തി നേടിയവരാണ് ത്യാഗരാജസ്വാമികളടക്കമുള്ള നമ്മുടെ വാഗ്ഗേയകാരന്മാർ. ആ പരമ്പരയിൽപ്പെട്ട ഒരാളാണ് നാദബ്രഹ്മഋഷിയായ ഷട്കാല ഗോവിന്ദമാരാർ. തന്റെ കലോപാസനകൊണ്ട് ആബേലച്ചനും അതിലെ ഒരു കണ്ണിയാകുന്നു.

*"നാഹംവസാമി വൈകുണ്ഠേ*
*നാഹം വൃന്ദാവനേ ക്വചിൽ*
*മത് ഭക്താഃ യത്ര ഗായന്തി*
*തത്ര തിഷ്ഠാമി നാരദ".*

"ഞാൻ വൈകുണ്ഠത്തിലും വൃന്ദാവനത്തിലുമല്ല വസിക്കുന്നത്, എവിടെയാണോ ഭക്തന്മാർ എന്റെ ഗാനങ്ങൾ ഉതിർക്കുന്നത്, ഹേ! നാരദാ അവിടെയാണ് ഞാൻ വസിക്കുന്നത്" എന്ന ശ്രീകൃഷ്ണ വചനം ഈശ്വരോപാസനയിൽ പാട്ടിന്റെ മഹത്വത്തെ എടുത്തുകാട്ടുന്നു. നമ്മുടെ കഥാനായകനായ ആദരണീയനായ ആബേലച്ചൻ സർവ്വവും ദൈവത്തിൽ സമർപ്പിച്ച് ജീവിച്ച ഉത്തമ ദൈവദാസനാണ്. നിഷ്കളങ്ക ഭക്തിയുടെ ഉറവിടമാണ് അച്ചന്റെ പാട്ടുകൾ. ഭാവനാ സമ്പുഷ്ടമായ ആ ഗാനങ്ങൾ മനുഷ്യമനസ്സിനെ ഈശ്വരനിലേക്ക് അടുപ്പിക്കാൻ പോന്നവയാണ്. ഈശ്വര മഹത്വം ഗാനം ചെയ്യപ്പെടുവാനുള്ള പുല്ലാങ്കുഴലായി മനുഷ്യ ജീവിതത്തെ കാണുന്ന ഭാരതീയ സങ്കൽപ്പം 'പ്രാണനാഥാ' എന്ന തന്റെ കൃതിയിലൂടെ ഫാദർ നമ്മെ ഓർമ്മിപ്പിക്കുന്നു.

# കലാഭവനും ഫാ. ആബേലും

## എല്ലാ ഐശ്വര്യങ്ങളുടെയും തുടക്കം ഇവിടുന്നാണ്

- ജയറാം

ഭാരതത്തിലെ ഉന്നതമായൊരു സരസ്വതീ വിദ്യാലയമാണു കലാഭവൻ. കലാരംഗത്തു കലാഭവൻ നൽകിയിട്ടുള്ള സംഭാവനകൾ മഹത്തരമാണ്. ശ്രദ്ധേയമാണ്. ഇങ്ങനൊരു സ്ഥാപനം മറ്റൊരിടത്തും കാണാനാകുമെന്നു തോന്നുന്നില്ല.

കലാഭവന്റെ പടികയറിയ എത്രയെത്ര പ്രതിഭകൾ ഭാഷയും ദേശവും മറികടന്നു വിജയം നേടി. പ്രതിഭകളെ സൃഷ്ടിക്കുന്നതിൽ കലാഭവൻ ഇന്നും മുന്നിൽതന്നെയാണ്. കലാഭവന് പകരം വെയ്ക്കാൻ കലാഭവൻ മാത്രമേയുള്ളൂ. അവിടെ കയറി ഇറങ്ങിയാൽത്തന്നെ അതൊരു അനുഗ്രഹ മാണ്. കഴിവുകൂടി വേണം.

മിമിക്രികളിച്ചു നടന്നിരുന്ന കാലത്ത് എന്റെ വലിയൊരു ആഗ്രഹമായിരുന്നു കലാഭവനിൽ വരിക, പരേഡ് ട്രൂപ്പിൽ കളിക്കാൻ അവസരം കിട്ടുക. ഒരുപാട് കൊതിച്ചിട്ടുണ്ട് ഞാൻ. ഞാൻ മാത്രമല്ല അന്നത്തെ മിക്കവാറും മിമിക്രിക്കാരൊക്കെ ഇതേ ആഗ്രഹക്കാരായിരുന്നിരിക്കണം.

പതിനാറു വർഷങ്ങൾക്കു മുമ്പാണ് കലാഭവനിൽ ഞാൻ എത്തുന്നത്. അന്നുമുതൽ ഇന്നുവരെ കലാഭവനുമായുള്ള ബന്ധം പ്രത്യേകിച്ചും ആബേലച്ചനുമായുള്ള ബന്ധം പറഞ്ഞറിയിക്കാനാവാത്തതാണ്. കലാഭവന്റെ സാരഥിയെന്നതിനുമപ്പുറം ഞാൻ ബഹുമാനിക്കുന്ന വലിയൊരു വ്യക്തിയാണ് ആബേലച്ചൻ. അച്ചൻ എന്നെയും അങ്ങനെയാണ് കാണുന്നത്.

മദ്രാസിൽ എന്റെ വീട്ടിൽ അച്ചൻ വന്നിരുന്നു. മണിക്കൂറുകളോളം ചില വഴിക്കുകയും എല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്തു. അങ്ങനെ ഒരിടത്തും അച്ചൻ പോകാറില്ല.

എൺപത്തിനാലിൽ കലാഭവനിലെത്തിയ ഞാൻ എൺപത്തിയെട്ടിൽ ചലച്ചിത്രവേദിയിലുമെത്തി. അതിനുപ്രധാനകാരണം കലാഭവനാണ്. കലാഭവൻ ടീം ഗൾഫിൽ അവതരിപ്പിച്ച മിമിക്സ് പരേഡിന്റെ വീഡിയോ കാസറ്റ് പപ്പേട്ടന്റെ (പത്മരാജൻ) മകൻ കാണുകയും എന്നെ പപ്പേട്ടന് കാണിച്ചു കൊടുക്കുകയുമായിരുന്നു. അങ്ങനെയാണ് അപരൻ എന്ന ചിത്രത്തിലൂടെ ഞാൻ സിനിമയിലെത്തുന്നത്. ഞാൻ മാത്രമല്ല കലാഭവനിൽ നിന്ന് ഒട്ടേറെ പേർ ചലച്ചിത്രരംഗത്തേക്ക് കടന്നുവന്നു. ആരും മോശക്കാരായില്ല. എല്ലാവരും മികച്ചവർതന്നെ.

ക്കാൻ പോകുന്നത്. സംഗതി എനിക്കു പിടികിട്ടിയില്ല. അന്നു ഞാൻ ഇട്ടിരുന്നത് ആറു പോക്കറ്റൊക്കെയുള്ള കാക്കി ഷർട്ടാണ്. യൂണിഫോമില്ലാതെ ഓട്ടോ ഓടിക്കാൻ പറ്റില്ലല്ലോ. ആബേലച്ചൻ എന്നെ ഇന്റർവ്യൂ ചെയ്തു. ഗാന മേളയ്ക്കിടയിൽ കുറച്ചുനേരം മിമിക്രി. അതായിരുന്നു ആദ്യത്തെ നിയമം. ഒട്ടും താമസിയാതെ മിമിക്സ് പരേഡ് ട്രൂപ്പിലേയ്ക്ക് പ്രമോഷനും കിട്ടി.

## കലാഭവന് പകരം കലാഭവൻ മാത്രം

- ലാൽ

കലാഭവനെക്കുറിച്ച് ഒറ്റവാക്കിൽ പറഞ്ഞൊതുക്കാനാവില്ല. അത്രയും വലിയൊരു കലാപ്രസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുന്നു കലാഭവൻ. നാളുകൾ പിന്നിടുന്തോറും കലാഭവന്റെ പ്രശസ്തി ഏറുകയാണ്. ദേശാന്തരങ്ങൾക്കുമപ്പുറത്തെത്തി നിൽക്കുന്ന പ്രശസ്തി. കലാഭവനിലെ ഒരു അംഗമെന്ന നിലയിൽ ആത്മാർത്ഥമായും എനിക്ക് പറയാൻ കഴിയും കലാഭവന് പകരം വെയ്ക്കാൻ മറ്റൊരു കലാപ്രസ്ഥാനവും ഇവിടെയില്ലെന്ന്.

കലാഭവനുമായി ചെറുപ്പം മുതലേ എനിക്ക് ബന്ധമുണ്ട്. എന്റെ അച്ഛൻ കലാഭവനിലെ തബല അദ്ധ്യാപകനായിരുന്നു. അച്ഛനെ കാണാൻ ഞാൻ പലപ്പോഴും അവിടെ എത്തുമായിരുന്നു. പിന്നീട് കലാഭവനിലെ വിദ്യാർത്ഥിയുമായി അഞ്ചാം ക്ലാസ്സിലേക്ക് കടന്നപ്പോൾ ഗിറ്റാർ പഠിക്കണമെന്ന് തോന്നി. അങ്ങനെയാണ് കലാഭവനിലെ വിദ്യാർത്ഥിയായത്.

പിന്നീട് കലാഭവൻ മിമിക്രി ട്രൂപ്പ് തുടങ്ങുന്ന സമയത്ത് ഞാനും സിദ്ധിക്കും കൂടിയാണ് കലാഭവനിലെത്തുന്നത്. ആബേലച്ചനെ നേരത്തെ പരിചയമുണ്ടായിരുന്നുവെങ്കിലും വർഷങ്ങൾക്ക് ശേഷമുള്ള വരവിൽ വീണ്ടും പരിചയപ്പെടേണ്ടിവന്നു.

അന്ന് പരേഡ് ട്രൂപ്പില്ല. അതിന്റെ ചർച്ച നടക്കുന്ന സമയത്താണു ഞങ്ങൾ ചെല്ലുന്നത്. ചർച്ചയിൽ ഒന്നുമാകാതെ വന്നപ്പോൾ ഞാനും സിദ്ധിക്കും കൂടി അന്നത്തെ കലാഭവന്റെ സെക്രട്ടറിയായിരുന്ന പ്രകാശനെ കണ്ട് സംസാരിച്ചു.

ഞങ്ങൾ ഒരു ഫോർമാറ്റുണ്ടാക്കിത്തരാം. വെറുതെ ഒരു പരേഡ് എന്നു പറഞ്ഞിട്ട് കാര്യമില്ല. അതിനൊരു സ്ക്രിപ്റ്റ് ഉണ്ടാക്കണം. അച്ചടക്കമുണ്ടാകണം. ആരൊക്കെ എന്തൊക്കെ ചെയ്യണം, എങ്ങനെയൊക്കെ ചെയ്യണം അങ്ങനെ ഒരു അടുക്കും ചിട്ടയുമുള്ള ഒരു ഫോർമാറ്റുണ്ടാക്കി ഞങ്ങൾ പ്രകാശിനെ ഏൽപ്പിച്ചു.

ഞങ്ങളേക്കാൾ ഒരുപാട് സീനിയേഴ്സ് ആയ ആളുകൾ ഇവിടെയുണ്ട്. അവർ ചിലപ്പോൾ ഞങ്ങളാണ് ഇങ്ങനെയൊരു ഫോർമാറ്റുണ്ടാക്കിയതെന്നു പറഞ്ഞാൽ സമ്മതിച്ചെന്നുവരില്ല. അതുകൊണ്ടു പ്രകാശനാണ് ഈ

ഫോർമാറ്റുണ്ടാക്കിയതെന്നു പറഞ്ഞുവേണം പ്രസന്റു ചെയ്യാൻ. പ്രകാശൻ സമ്മതിച്ചു.

അടുത്ത ചർച്ചയിൽ എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ പ്രകാശൻ ഇത് അവതരിപ്പിച്ചു. കാര്യങ്ങൾ വിശദീകരിച്ചു. എല്ലാവർക്കും സമ്മതമായി എല്ലാവരുടേയും സമ്മതം കിട്ടിക്കഴിഞ്ഞപ്പോൾ ഇതിന്റെ പിന്നിൽ ഞങ്ങളാണെന്ന കാര്യം പ്രകാശൻ വെളിപ്പെടുത്തി. എതിരഭിപ്രായം ഉണ്ടായില്ല. അംഗീകരിക്കപ്പെട്ടു. അങ്ങനെയാണു ഒറ്റപ്പെട്ട ഏതാനും നേരത്തേയ്ക്കുള്ള മിമിക്രിക്കളിയിൽ നിന്നു ഇന്നത്തെ മിമിക്സ് പരേഡിലേക്കുള്ള മാറ്റം ഉണ്ടായത്.

## കലാഭവനെ തകർക്കാൻ ആർക്കും കഴിയില്ല

- സിദ്ധിക്ക്

ഇന്ന് എവിടേയും ചർച്ചചെയ്യപ്പെടുന്ന ഒരു പ്രസ്ഥാനമായി വളർന്നിരിക്കുന്നു കലാഭവൻ, കലാഭവന്റെ ഈ നേട്ടങ്ങൾക്കൊക്കെയും കാരണം ആബേലച്ചനാണ്. ആ വലിയ മനസ്സിന്റെ ക്ഷമയോടെയുള്ള നീക്കങ്ങൾ പാഴായില്ല. കലാരംഗത്തു കലാഭവന്റേതായ സംഭാവന അത്രയും മികച്ചതാണ്.

കലാഭവന്റെ മിമിക്സ് പരേഡ് ട്രൂപ്പിൽ രണ്ടുവർഷം ഞാനുണ്ടായിരുന്നു. മിമിക്സ് പരേഡിന്റെ ആരംഭം കുറിക്കുന്ന സമയം. കേരളത്തിൽ തന്നെ മിമിക്സ് പരേഡ് എന്ന സംഭവം ആദ്യമായിട്ട് രൂപം കൊള്ളുകയാണ്. മിമിക്സ് പരേഡ് എന്ന പേരിട്ടതും ഞാൻ തന്നെയാണ്.

അന്ന് ഒരു കാര്യം നിർബന്ധമായും പറഞ്ഞിരുന്നു. മിമിക്സ് പരേഡ് എന്ന പേരായിരിക്കണം ഹൈലൈറ്റ് ചെയ്യേണ്ടത്. വ്യക്തികളുടെ പേരിൽ ഒരിക്കലും ട്രൂപ്പ് അറിയപ്പെടാൻ ഇടവരരുത്. കാരണം ആർട്ടിസ്റ്റുകൾ മാറി മാറി വന്നുകൊണ്ടേയിരിക്കും. അപ്പോഴും പ്രസ്ഥാനം നിലനിൽക്കണം. ഇപ്പോഴും അങ്ങനെതന്നെ. പഴയ ആളുകൾ പോയപ്പോഴും കലാഭവന്റെ മിമിക്സ് പരേഡ് വളരെ സജീവമായി നിൽക്കുന്നു.

മിമിക്സ് പരേഡ് രൂപീകരണ സമയത്ത് ധാരാളം എതിർപ്പുകളെയും നേരിടേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊക്കെ ശക്തമായ നിലപാടുകളെടുക്കാനും യുക്തമായ നിർദ്ദേശങ്ങൾ നൽകാനും ആബേലച്ചനു കഴിഞ്ഞിരുന്നു.

നാലഞ്ചുപേർ മൈക്കിനു മുന്നിൽ നിന്നു കാറിയാൽ ഇതല്ല ഇതിലപ്പുറവും ഉണ്ടാകുമെന്നായിരുന്നു ചിലരുടെ കണ്ടെത്തൽ. മിമിക്സ് പരേഡ് എന്ന ആശയത്തെ തകർക്കാനുള്ള പലരുടേയും ശ്രമങ്ങളെ പരാജയപ്പെടുത്താനും പ്രോഗ്രാം ഗംഭീരവിജയമാക്കിത്തീർക്കാനും കഴിഞ്ഞത് ആബേലച്ചന്റെ ഉറച്ച പിന്തുണ കൊണ്ടുമാത്രമാണ്.

## എന്നെ കലാകാരനാക്കിയത് കലാഭവൻ

- ഹരിശ്രീ അശോകൻ

അമ്പതുരൂപ പ്രതിഫലത്തിനു കലാഭവനിൽ മിമിക്രി അവതരിപ്പിക്കാൻ എത്തിയ ആളാണ് ഞാൻ. അന്ന് കലാഭവൻ മിമിക്സ് പരേഡുണ്ടെങ്കിലും ഗാനമേള ട്രൂപ്പിന്റെ കൂടെയായിരുന്നു ഞാൻ.

ഗാനമേള തുടങ്ങുന്നതിനു മുമ്പോ ഇടവേളകളിലോ ആയിരുന്നു എനിക്ക് റോൾ കിട്ടിയിരുന്നത്. പത്തു ഇരുപത് മിനിറ്റു നേരത്തേയ്ക്കുള്ള പ്രോഗ്രാം. കുറേനാൾ കഴിഞ്ഞു മിമിക്സ് പരേഡിലേയ്ക്കു വന്നു.

മിമിക്രി എന്നു പറയുന്നത് അനുകരണ കലയാണ്. ആർക്കും ആരെയും അനുകരിക്കാം. അതൊന്നുമായിരുന്നില്ല പ്രശ്നം.

ആബേലച്ചൻ ഒരു പാവം മനുഷ്യനാണ്. ആര് എന്ത് പറഞ്ഞാലും വിശ്വസിക്കും. കണ്ണടച്ചുള്ള വിശ്വാസം അച്ചനെ കുഴപ്പത്തിൽ ചാടിച്ചിട്ടുമുണ്ട്.

അതിഭയങ്കര കഴിവുള്ള ആളാണ് അച്ചൻ. കലാഭവന്റെ ഇതുവരെയുള്ള വളർച്ചയ്ക്ക് പ്രധാനകാരണം വ്യക്തമായ പ്ലാനിങ്ങോടെയുള്ള അച്ചന്റെ നീക്കങ്ങളായിരുന്നു.

## മലയാളികൾ എവിടെയുണ്ടോ അവിടെ കലാഭവനുമുണ്ട്

- കലാഭവൻ നവാസ്

ഒരു തിരുവോണത്തലേന്നാണ് കലാഭവനിൽ ഞാനെത്തുന്നത്. കൂടെ കലാഭവനിലെ സീനിയർ മിമിക്രി ആർട്ടിസ്റ്റും എന്റെ സുഹൃത്തുമായ പ്രസാദുമുണ്ട്. ആബേലച്ചന് എന്നെ പരിചയപ്പെടുത്തിയത് പ്രസാദാണ്.

കലാഭവന്റെ ബാനറിൽ എന്റെ ആദ്യ പ്രോഗ്രാം കുന്നംകുളത്ത് ബാർ ഓഡിറ്റോറിയത്തിലായിരുന്നു. ഗാനമേളക്കിടയിലെ ഇടവേള. ടിക്കറ്റ് പ്രോഗ്രാമായതുകൊണ്ട് ഗാനമേളക്കിടയിലെ ഇന്റർവെൽ ശബ്ദം കേട്ടപ്പോഴേ ജനം ഒച്ചവച്ചു.

മിമിക്രിക്കാരനെ വിളി... മിമിക്രിക്കാരനെ വിളി... എന്നെ വിളിച്ചു. ഞാൻ സ്റ്റേജിലെത്തിയപ്പോഴേ കേട്ടു. ഈ പയ്യനെ വെച്ചാണോ മിമിക്രി നടത്താൻ പോണത്. പിള്ളേരുകളിയാ ഇത്...

ചോദ്യങ്ങളും സംശയങ്ങളും ഗൗരവമായിത്തന്നെ കേട്ടു. യാതൊരുവിധ ടെൻഷനും കാട്ടാതെ രണ്ടും കല്പിച്ച് നിന്നു. ഒറ്റയ്ക്ക്. മോശമായില്ല. പ്രോഗ്രാം കഴിഞ്ഞപ്പോൾ എല്ലാവരുടേയും അഭിനന്ദനം കിട്ടി. ജീവിതത്തിലെ നിർണ്ണായകമായൊരു അനുഭവമായിരുന്നു അത്.

അന്നെനിക്ക് അച്ചൻ തന്ന പ്രതിഫലം എഴുപത്തിയഞ്ചുരൂപയാണ്. തുടർന്നൊരു ചോദ്യവും. ഇവിടെ തന്നെ നിൽക്കാൻ താല്പര്യമുണ്ടോ? മറ്റൊന്നും ആലോചിച്ചില്ല. ഉടൻ പറഞ്ഞു സമ്മതം. ആറുവർഷത്തോളം നീണ്ടുനിന്ന സമ്മതം.

# സമയത്തിന്റെ വില പഠിച്ചതിവിടെ നിന്ന്

- കെ. എസ്. പ്രസാദ്

ഒരു കലാകാരനെന്നതിലുപരി സമയത്തിന്റെ വിലയെക്കുറിച്ച് ഞാൻ പഠിച്ചത് ആബേലച്ചനിൽ നിന്നാണ്. ഒരിക്കലും ഒരു സമയവും അത് ഓഫീസിലായാലും ശരി വിശ്രമമുറിയിലായാലും ശരി ആബേലച്ചൻ വെറുതെയിരിക്കുന്നതു ഞാൻ കണ്ടിട്ടില്ല.

സമയത്തിന്റെ കാര്യത്തിൽ ഇത്രയും കൃത്യനിഷ്ഠത പാലിക്കുന്നൊരു വ്യക്തിയെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. ആ പോളിസി ഞാനും പിന്തുടരുകയാണ്.

അമ്പത് വയസ്സ് പലർക്കും റിട്ടയർമെന്റ് പ്രായമാണ്. അച്ചനെ സംബന്ധിച്ചിടത്തോളും എൺപതിലെത്തിയിട്ടും യുവത്വം മുന്നിൽ നില്ക്കുകയാണ്.

ഞാൻ അച്ചനെക്കുറിച്ച് ഒരു ഡോക്യുമെന്ററി ചെയ്തു. ഫാ. ആബേൽ - കലാഭവന്റെ ശില്പി എന്നായിരുന്നു അതിന്റെ പേര്. ഇതിന്റെ ഷൂട്ടിംഗിനു വേണ്ടി അച്ചന്റെ ഒരു ഷോട്ട് എടുക്കുന്നതിനെക്കുറിച്ച് സംസാരിച്ചപ്പോൾ അച്ചൻ എന്നോട് ചോദിച്ചു. "എത്ര സമയം വേണ്ടി വരും?"

'വെറും രണ്ട് മിനിട്ട്. അച്ചൻ നടന്നുവരുന്ന ഒരു ഷോട്ടാണ്.' താൻ എന്നെ പറ്റിക്കാനാണ്. നടക്കണതല്ലേ വേണ്ടത്. നടക്കണ ഒരു ഫോട്ടോ ഞാൻ തരാം. അച്ചാ ഇതങ്ങനെ പറ്റില്ലെന്നു പറഞ്ഞ് അന്ന് ആ ഷോട്ട് എടുത്തു. മറ്റൊരിക്കൽ, അച്ചൻ എഴുതുന്നൊരു ഷോട്ടെടുക്കണം. ഞാൻ അച്ചനോട് പറഞ്ഞു റൗണ്ട് ട്രോളിയൊക്കെയിട്ട് റെഡിയായി നിൽക്കുമ്പോൾ അച്ചൻ,

തനിക്ക് ഞാൻ എഴുതുന്ന സംഭവമല്ലേ വേണ്ടത്. ഫോട്ടോ തരാം.

'അച്ചാ എന്നെ കുഴപ്പിയ്ക്കരുത്. അച്ചൻ ഒരു മിനിറ്റ് ഇവിടെയിരുന്നു എഴുതണമാതിരി കാണിച്ചാൽ മതി.'

അച്ചൻ പോയി കുറെ പേപ്പർ എടുത്തുകൊണ്ടുവന്നു. എഴുത്തായി. ഒരു ആറ് പേജ്. ഞാൻ പറഞ്ഞു അച്ചാ ഇത്രയൊന്നും എഴുതണ്ട. അപ്പോൾ അച്ചൻ പറഞ്ഞു. ഞാൻ എഴുതാം. താൻ ആവശ്യമുള്ളത് എടുത്തോ.

ഷോട്ടെടുത്ത് കഴിഞ്ഞ് അച്ചൻ പോകാൻ എഴുന്നേറ്റപ്പോൾ ഞാൻ ചോദിച്ചു. അച്ചൻ എന്താണ് എഴുതിക്കൊണ്ടിരുന്നത്. 'ഒരു ആറ് ഏഴ് കത്തെഴുതാനുണ്ടായിരുന്നു. ആ ജോലി അങ്ങോട്ടു തീർത്തു.'

അത്രയും സമയത്തിനു വില കല്പിക്കുന്ന ആളാണ് അച്ചൻ. ലോകത്തിന്റെ ഏത് അറ്റത്ത് നിന്ന് അച്ചനെ കാണാൻ വന്നാലും ശരി പന്ത്രണ്ടു മണി പറഞ്ഞാൽ പന്ത്രണ്ടുമണിയായിരിക്കണം. പന്ത്രണ്ടരയായാൽ അച്ചൻ പോയിരിക്കും. കൃത്യനിഷ്ഠയുടെ കാര്യത്തിൽ പിടിവാശിക്കാരനാണ് അച്ചൻ.

## കലാഭവനിലൂടെ ഞാനും അറിയപ്പെടുന്നു.

- കെ. ടി. കുഞ്ഞുമോൻ

കലാഭവൻ കലയുടെ ഭവനമാണ്. കലയ്ക്കുവേണ്ടി നിലകൊള്ളുന്ന ഏറ്റവും മികച്ച സ്ഥാപനങ്ങളിൽ ഒന്ന്. കേരളത്തിനകത്തായാലും ശരി പുറത്തായാലും ശരി എന്റെ കണക്കുകൂട്ടലുകളിൽ തെറ്റുപറ്റില്ല.

കലാകൈരളിക്കു ശക്തന്മാരായ ഒരുപിടി കലാകാരന്മാരെ സംഭാവന ചെയ്യാൻ കലാഭവനു സാദ്ധ്യമായത് പ്രവർത്തനമണ്ഡലങ്ങളിലെ ശരിയായ തീരുമാനങ്ങളിലൂടെയാണ്, അദ്ധ്വാനത്തിലൂടെയാണ്. കലയ്ക്ക് വേണ്ടി നിലകൊള്ളുന്ന മറ്റേതൊരു കലാപ്രസ്ഥാനത്തോടും കിടപിടിക്കാൻ കലാഭവനു കഴിയുന്നതും ഈ നിലപാടുകളിലെ നന്മകൾകൊണ്ടാണ്. സത്യസന്ധത കൊണ്ടാണ്.

കലാഭവനിൽ നിന്നും ഒട്ടേറെ കലാകാരന്മാർ സിനിമയിലും അതുപോലെതന്നെ കലയുടെ വിവിധ മേഖലകളിലും കടന്നെത്തി വിജയശ്രീലാളിതരായി നിൽക്കുന്നു. എല്ലാവരും ഉന്നതങ്ങളിലുണ്ട്. മികവിന്റെ കാര്യത്തിൽ ആരും മോശക്കാരല്ല. ആരും ആർക്കും പിന്നിലല്ല. എല്ലാവരും മുന്നിൽതന്നെയുണ്ട്.

ചിരിപ്പിക്കാൻ മാത്രം കലാഭവൻ രൂപംകൊടുത്ത മിമിക്സ് പരേഡിലൂടെ സിനിമയിലെത്തിയവർ ധാരാളം. ചിരിപ്പിക്കാൻ മാത്രം ശീലിച്ചവർ സിനിമയിൽ കരയിപ്പിക്കാനും തയ്യാറായി. പ്രേക്ഷകർ അത് സ്വീകരിക്കുകയും ചെയ്തു.

## ഞാനിന്നും കലാഭവൻ വിദ്യാർത്ഥിനി

- തെസ്നി ഖാൻ

പിന്നിടുന്ന ഓരോ കാലഘട്ടവും അനുഭവങ്ങളുടേതാണ്. നിറം പിടിച്ചതും മങ്ങലേറ്റതുമായ അനുഭവങ്ങൾ.

എന്റെ ജീവിതത്തിലെ ഏറ്റവും സമ്പന്നമെന്നു പറയാവുന്നൊരു കാലഘട്ടം കലാഭവനിലെ വിദ്യാർത്ഥി ജീവിതമാണ്. സംഗീത വിദ്യാർത്ഥിനിയായിരുന്ന എനിക്ക് നൃത്തത്തിലും മിമിക്രിയിലും പ്രൊഫഷണൽ ടച്ചു കൈവരിക്കാനും മികവ് നേടാനും കഴിഞ്ഞത് കലാഭവനിലെ വിദ്യാർത്ഥിനിയെന്ന നിലയിലാണ്. ഈ നേട്ടങ്ങൾക്ക് പിന്നിൽ ആബേലച്ചന്റെ അകമഴിഞ്ഞ പ്രോത്സാഹനവും ഉണ്ടായിരുന്നു.

കലാഭവൻ ഡാൻസ് ഗ്രൂപ്പിൽ ഞങ്ങൾ അഞ്ച് പെൺകുട്ടികളായിരുന്നു അന്ന്. മിമിക്രിയിൽ ജയറാമും, സൈനുദ്ദീനും, പ്രസാദും, റഹ്മാനും, അൻസാറുമൊക്കെ ഉണ്ടായിരുന്നു.

നാടുനീളെ പ്രോഗ്രാമും സംഗീതപഠനവുമൊക്കെയായി വിദ്യാർത്ഥി

ജീവിതം തിരക്കിന്റേതായിരുന്നു. ഈ തിരക്കിനിടയിലാണു സിനിമയിലേയ്ക്കുള്ള ഓഫറും കിട്ടുന്നത്.

എറണാകുളം ടൗൺഹാളിൽ കലാഭവന്റെ പ്രോഗ്രാം കാണാനിടയായ തോംസൺ ഫിലിംസ് ബാബുവായിരുന്നു എന്നെ സിനിമയിലേക്ക് ക്ഷണിച്ചത്. കലാകാരി എന്ന നിലയിൽ അതൊരു വലിയ മാറ്റത്തിനും പുതിയ തുടക്കത്തിനും കാരണമായി.

കലാഭവന്റെ ഏറ്റവും വലിയഗുണം അച്ചടക്കമായിരുന്നു. അതിനു പ്രധാന കാരണം കലാഭവന്റെ എല്ലാമായ ആബേലച്ചന്റെ സ്നേഹത്തോടെയുള്ള കർക്കശ നിലപാടുകളായിരുന്നു. പക്ഷെ എത്ര സ്ട്രിക്ടായാലും അച്ചന്റെയടുത്ത് എന്തും തുറന്നുപറയാമായിരുന്നു.

## കലയുടെയും വിശ്വാസങ്ങളുടെയും പ്രതീകം

- കലാഭവൻ അൻസാർ

1976-മുതൽ കലാഭവനിൽ ഞാനുണ്ട്. ഒരു പക്ഷേ ആബേലച്ചനു പോലും അത് ഓർമ്മയുണ്ടാകില്ല. കലാഭവൻ ഗാനമേള ട്രൂപ്പിന്റെ കൂടെയായിരുന്നു എന്റെയും യാത്ര. ഗാനമേളയ്ക്കിടയിലെ ഇരുപത് മിനിട്ട് സമയം മിമിക്രി കാട്ടി പോരാം. അന്ന് കലാഭവന്റെ ഗാനമേളയെന്നു പറഞ്ഞാൽ വലിയൊരു സംഭവമായിരുന്നു.

81-ലാണ് മിമിക്സ് പരേഡ് ആരംഭിക്കുന്നത്. വർക്കിച്ചൻപെട്ട, സിദ്ദിക്ക്, ലാൽ, പ്രസാദ്, റഹ്മാൻ, ഞാൻ. ഞങ്ങൾ ആറ് പേർ ചേർന്നായിരുന്നു മിമിക്സ് പരേഡിന് തുടക്കം കുറിച്ചത്. അതുവരെ ഒറ്റയ്ക്കും രണ്ടുപേർ ചേർന്നുമാണ് മിമിക്രി അവതരിപ്പിച്ചിരുന്നത്. കേരളത്തിലെ പ്രഥമ സംരംഭത്തിന് എങ്ങും വമ്പിച്ച സ്വീകരണമായിരുന്നു. മൂന്നുമണിക്കൂർ നീണ്ടു നിൽക്കുന്ന പ്രോഗ്രാമിന് കലാഭവൻ രൂപം നൽകുമ്പോൾ ഇത്രയും പ്രതീക്ഷിച്ചതല്ല. ഗാനമേള ട്രൂപ്പുകളെ പിൻതള്ളി വേദികൾ പിടിച്ചടക്കിയുള്ള കലാഭവൻ മിമിക്സ് പരേഡിന്റെ മുന്നേറ്റം കേരളം കണ്ടതാണ്. മറുനാടൻ മലയാളികളും ആസ്വദിച്ചതാണ്.

ഇത്തരം ഒരു ട്രൂപ്പ് പ്ലാൻ ചെയ്യുമ്പോൾ ഒരുപാട് എതിർപ്പുകളേയും ആബേലച്ചനു നേരിടേണ്ടി വന്നിട്ടുണ്ട്. എതിർപ്പുകളുടെ ശക്തി കൂടിയപ്പോൾ ഞങ്ങളും ഭയപ്പെട്ടു. ഒട്ടും ഭയമില്ലാതെ ചിരിക്കുന്ന മുഖവുമായി അന്നു ഞങ്ങൾ കണ്ട ഒരേയൊരു മുഖം ആബേലച്ചന്റേതാണ്. ജനങ്ങളുടെ സഹകരണവും പ്രോഗ്രാമിന്റെ വിജയവും കണ്ടപ്പോൾ എതിർത്തവരൊക്കെ അച്ചനെ അഭിനന്ദിക്കുന്നതും കണ്ടു.

marggam DIGITAL PUBLISHING
www.marggam.org

## ഒരു പതിറ്റാണ്ടുകാലം ചിരിപ്പിക്കാൻ കഴിഞ്ഞതു കലാഭവനിലൂടെ

- കലാഭവൻ റഹ്മാൻ

1981, സെപ്റ്റംബർ 21 അന്നാണു മിമിക്സ് പരേഡിനു തുടക്കമിടുന്നത്. കേരള യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ അനുകരണകലയിൽ സമ്മാനം നേടിയ അൻസാർ, സിദ്ദിക്ക്, ലാൽ, പ്രസാദ്, വർക്കിച്ചൻ പെട്ട പിന്നെ ഞാൻ. ആറു പേർ ചേർന്നുള്ള സംഘമാണ്.

രണ്ടുപേർ ചേർന്നൊരുക്കിയിരുന്ന മിമിക്രി എന്ന കലാരൂപം അരഡസൻ പേർ അണിനിരക്കുന്ന പ്രൊഫഷണൽ പ്രോഗ്രാമായി മാറുകയാണ്. മൂന്ന് മണിക്കൂർ നീണ്ടുനിൽക്കുന്ന മിമിക്സ് പരേഡ്. റിസൽറ്റ് എങ്ങനെയാണെന്നു പറയാൻ പറ്റില്ല. എന്തും സംഭവിക്കാം. എല്ലാവരും ടെൻഷനിലാണ്. ടെൻഷനില്ലാത്ത ഒരേഒരാൾ ആബേലച്ചനാണ്. അച്ചൻ ഏത് കാര്യത്തിലും ശുഭാപ്തി വിശ്വാസക്കാരനായിരുന്നു.

## എന്റെ ചുവടുകൾ ഉറച്ചത് കലാഭവനിലൂടെ

- സുജാത

ചലച്ചിത്ര പിന്നണി ഗായിക എന്ന നിലയിൽ അറിയപ്പെട്ടപ്പോഴും അംഗീകാരങ്ങൾ തേടിയെത്തിയപ്പോഴും മനസ്സിൽ ഞാൻ നന്ദി പറഞ്ഞിരുന്നു കലാഭവനും എന്റെ ഗുരുക്കന്മാർക്കും ആബേലച്ചനും.

എന്റെ ചുവടുകൾ ഉറച്ചതു കലാഭവനിലെ സംഗീതകളരിയിലാണ്. അവിടുന്നു കിട്ടിയ ശിക്ഷണം മികച്ചതായിരുന്നു. സ്റ്റേജ് എന്താണെന്നും സ്റ്റേജിൽ എങ്ങനെ നില്ക്കണമെന്നും ഞാൻ പഠിച്ചത് കലാഭവനിലെ കളരിയിൽ നിന്നാണ്.

കലാഭവന്റെ ബാലഗാനമേള ട്രൂപ്പിലെ പ്രധാനഗായികയും കോമ്പിയറും ഞാനായിരുന്നു. കോമ്പിയർ പറയേണ്ട വാചകങ്ങൾ ആബേലച്ചൻ എഴുതിതരുമായിരുന്നു. ബാലഗാനമേള ട്രൂപ്പിൽ പാടിയിരുന്ന ഞാൻ പിന്നീട് കലാഭവന്റെ ജൂനിയർ ട്രൂപ്പിലും സീനിയർ ട്രൂപ്പിലും പാടി.

എന്റെ ശബ്ദം അദ്യമായി റിക്കാർഡുചെയ്യപ്പെട്ടതും കലാഭവനുവേണ്ടിയാണ്. കലാഭവൻ പുറത്തിറക്കിയ ക്രിസ്തീയ ഭക്തിഗാന ഓഡിയോ കാസറ്റിനുവേണ്ടിയാണ് റിക്കാർഡ് ചെയ്തത്. ആബേലച്ചൻ രചിച്ച ആന്റണി മാസ്റ്ററുടെ സംഗീത സംവിധാനത്തിൽ പാടിയ പാട്ടിലെ വരികൾ ഇന്നും ഞാൻ ഓർക്കുന്നു.

"ദൈവം എന്റെ കൂടെയുണ്ട്
ദൈവമെന്റെ ഉള്ളിലുണ്ട്
ദൈവമെന്റെ ചുറ്റുമുണ്ട്
ദൈവമെന്റെ മുകളിലുണ്ട്



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

വീട്ടിനുള്ളിൽ ദൈവമുണ്ട്
കാട്ടിനുള്ളിൽ ദൈവമുണ്ട്
പൂനിലാവിൽ ദൈവമുണ്ട്
പൂവനത്തിൽ ദൈവമുണ്ട്"

വർഷങ്ങൾ എത്രയോ പിന്നിട്ടു. പക്ഷേ കലാഭവനിലെ ജീവിതം, അവിടുത്തെ അനുഭവങ്ങൾ ഒന്നും മറക്കാനാവാത്തതാണ്.

## കലാകാരനിലൂടെ കലാഭവൻ അറിയപ്പെടുന്നു

- സുരേഷ് ഗോപി

കലാഭവനിലൂടെ കലാകാരന്മാർ അറിയപ്പെടുന്നു. കലാകാരന്മാരിലൂടെ കലാഭവൻ അറിയപ്പെടുന്നു. അത്രയും മികച്ച കലാകാരന്മാർ കലാഭവനിൽ ഉണ്ടാകുന്നു. അവരിലൂടെ കലാഭവൻ എല്ലായിടത്തുമെത്തുന്നു.

കോളേജ് വിദ്യാഭ്യാസകാലത്ത് പലപ്പോഴും ഞാൻ കണ്ടിരുന്നു, സൂര്യ സോമ, വൈക്കം മാളവിക, ചങ്ങനാശ്ശേരി ഗീഥ, കെ.പി.എ.സി. എന്നൊക്കെ എഴുതിയ ബോർഡുവച്ചു നിറയെ ആളുകളും സാധനങ്ങളുമൊക്കെയായി പോകുന്ന നാടകവണ്ടികൾ, ഈ കാഴ്ചക്കിടയിലാണു കലാഭവൻ മിമിക്സ് പരേഡ് എന്ന ബോർഡുമായി പായുന്ന വാൻ കണ്ടത്. നാടകവണ്ടികൾക്കിടയിൽ അതൊരു ഒറ്റപ്പെട്ട കാഴ്ചയായിരുന്നു. മിമിക്സ് പരേഡിന് കലാഭവനിൽ തുടക്കം കുറിച്ച സമയവുമായിരുന്നു അത്. അന്നേ കലാഭവനെ എനിക്കറിയാം.

കലാഭവനിൽ തുടക്കം കുറിച്ചവരാരും മോശക്കാരായില്ല. മിമിക്സ് പരേഡിൽ കണ്ട മുഖങ്ങളൊക്കെ സിനിമയിലുമെത്തി. ആബേലച്ചനടക്കമുള്ള മികച്ച കലാകാരന്മാരുടെ കൂട്ടായ ശ്രമമാണു കലാഭവന്റെ എല്ലാവളർച്ചയ്ക്കും പ്രധാനകാരണം. നല്ലൊരുകലാകാരനു മാത്രമേ ഇതുപോലൊരു നന്മയുള്ള പ്രസ്ഥാനത്തിനു നേതൃത്വം കൊടുക്കാൻ കഴിയൂ.

കലാഭവൻ എന്നൊരു പ്രസ്ഥാനമില്ലായിരുന്നെങ്കിൽ ആബേലച്ചനെ ഞാൻ എങ്ങനെ അറിയും..... അറിയില്ല. ഒരു ചുറ്റുവട്ടത്തിലുള്ളവർ മാത്രമേ അറിയൂ. കലാഭവന്റെ സാരഥി എന്ന നിലയിൽ ആബേലച്ചനെ എല്ലാവരും അറിയുന്നു.

ഒരു ഗായകൻ വരുന്നു, അല്ലെങ്കിൽ ഒരു മിമിക്രിക്കാർ വരുന്നു എന്ന് പറയുമ്പോൾ കിട്ടുന്ന അംഗീകാരം മികച്ചതാണ്.

സിനിമയിൽ ചിലപ്പോഴൊക്കെ കലാഭവൻ സീസൺ തന്നെയുണ്ടാകാറുണ്ട്! കോമഡി ചിത്രങ്ങൾ ധാരാളമായി ചിത്രീകരണം നടക്കുന്ന സമയത്ത് അതിലെ മിക്കവാറും ആർട്ടിസ്റ്റുകൾ കലാഭവനിൽ നിന്നുള്ളവരായിരിക്കും. സിനിമയിൽ കലാഭവന്റെ സീസൺ തന്നെയാണ് അത്.

marggam DIGITAL PUBLISHING www.marggam.org

മികച്ച കലാകാരന്മാരുടെ സങ്കേതമെന്നു പറയാൻ ഇതുപോലൊരു സ്ഥാപനം വേറെയുണ്ടോന്ന് എനിക്കറിയില്ല. ആ മഹത്വം കലാഭവന് മാത്ര മുള്ളതാണ്.

കലാഭവനെപ്പറ്റി, ഫാ. ഡോ. ആബേലിനെപ്പറ്റിയുള്ള ഈ വാക്കുകൾ മാത്രം മതി കലാഭവനേയും അതിന്റെ ജീവാത്മാവും പരമാത്മാവുമായിരുന്ന നമ്മുടെ പ്രിയപ്പെട്ട ആബേലച്ചനെയും പറ്റി മനസ്സിലാക്കാൻ. കലാഭവനെക്കുറിച്ച് ഒറ്റവാക്കിൽ പറഞ്ഞൊതുക്കാനാവില്ല. കാരണം കലാഭവന് പകരംവയ്ക്കാൻ കലാഭവനല്ലാതെ മറ്റൊന്നില്ല. കലാഭവനിലൂടെ കലാകാരനും കലാകാരനിലൂടെ കലാഭവനും അറിയപ്പെടുന്നു. പരസ്പര പൂരകങ്ങളാണ് കലയും കലാഭവനും അതിലെ കലാകാരന്മാരും. കലയുടെ ഭവനമാണ് കലാഭവൻ എന്നാണ് കലാഭവൻ മണിയുടെ വാക്കുകൾ. കലാഭവനിൽ നിന്നും ഒട്ടേറെ കലാകാരന്മാർ സിനിമാലോകത്തും കലയുടെ ഇതര മേഖലകളിലും വെന്നിക്കൊടി പാറിച്ചു. എല്ലാവരും ഉന്നതങ്ങളിൽ തന്നെയാണ്, ആരും ആരുടേയും പിന്നിലല്ല.

കലയുടെ കേദാരമായ കലാഭവൻ എന്ന ആ സ്ഥാപനത്തിന്റെ ശില്പിയാണ് ആദരണീയനായ ആബേലച്ചൻ. പിറവത്ത് മുളക്കുളം വടക്കേക്കര എന്ന ഉൾനാടൻ ഗ്രാമത്തിലെ സാധാരണ കർഷക കുടുംബത്തിൽ ജനിച്ച പി. എം. മാത്യു എന്ന മത്തച്ചനാണ് കലാലോകത്തിന്റെ പ്രിയപ്പെട്ട ആബേലച്ചനായി മാറിയത്.

കർമ്മകാണ്ഡത്തിന്റെ വലിയൊരു ഭാഗം അച്ചൻ ആടിതിമിർത്തത് കലാഭവനിലായിരുന്നുവെങ്കിലും ആബേലച്ചന്റെ ജീവിതം മൊട്ടിട്ടത് ഈ ഗ്രാമത്തിലാണ്. മുളക്കുളം വടക്കേക്കരയിൽ അച്ചൻ ജീവിച്ചിരുന്ന കാലത്ത് ആരും അധികമൊന്നും ഇത് തിരിച്ചറിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ അച്ചന്റെ ജീവിതവിജയം പണ്ടേ ഈ നാട് ആഘോഷമാക്കുമായിരുന്നു.

അച്ചൻ കെട്ടിപ്പടുത്ത കലാഭവൻ, ഗാനമേളയും മിമിക്സ് പരേഡുമായി ഔന്നത്യങ്ങളിൽ നിന്നും ഔന്നത്യങ്ങളിലേക്ക് പറന്നപ്പോഴും ആബേലച്ചന് ജന്മം നൽകിയ, അച്ചനെ വളർത്തി വലുതാക്കിയ മുളക്കുളം വടക്കേക്കരയെയോ പിറവത്തെയോ ആരും തിരിച്ചറിഞ്ഞില്ല. ആ തെറ്റ് തിരുത്താൻ ഇനി വൈകികൂടാ! ആബേലച്ചന്റെ ജീവിതവിജയം നമുക്ക് വഴികാട്ടിയാകണം. അച്ചന്റെ നേട്ടങ്ങൾ നമ്മുടെ നാടിന്റെ പരമ്പര്യത്തിന്റെ നേട്ടങ്ങളായി കാണാനും അതിൽ അഭിമാനിക്കാനും നമുക്ക് അവകാശമുണ്ട്.

ആബേലച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് കൊല്ലം 13 തികഞ്ഞു. വൈകിയാണെങ്കിലും നമുക്ക് മുളക്കുളം വടക്കേക്കരയുടെ, പിറവത്തിന്റെ പ്രിയപ്പെട്ട ആബേലച്ചനെ അനുസ്മരിക്കാൻ കഴിയുന്നത് വലിയകാര്യം തന്നെയാണ്.



www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

കല, അത് ഏതായാലും സാധാരണക്കാരന് അനുഭവവേദ്യമാകണ മെന്ന് വിശ്വസിച്ചിരുന്നയാളാണ് ആബേലച്ചൻ. സാധാരണ ജനങ്ങളുമായി സംവദിക്കാൻ കഴിയുന്നതാകണം കല എന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തിൽ നിന്നാണ് കലാഭവൻ ഉടലെടുത്തത്. നേരത്തെ സൂചിപ്പിച്ച ക്രിസ്ത്യൻ ആർട്സ് ക്ലബ്ബ് ഒരു മതേതര സ്ഥാപനമായി മാറണം എന്ന ആഗ്രഹം പ്രകടിപ്പിച്ചത് ഗാനഗന്ധർവ്വൻ യേശുദാസാണ്. മതത്തിനും ജാതിക്കുമെല്ലാം അതീതമായിരിക്കണം കലാസ്ഥാപനം എന്ന് വിശ്വസിച്ചിരുന്ന യേശുദാസ് ഫാ. ആബേലിനോട് ഇക്കാര്യം തുറന്നുപറഞ്ഞത് മദ്രാസിൽ വച്ചാണ്. 1968 ജൂലായ് മാസത്തിലാണ് ക്രിസ്ത്യൻ ആർട്സ് ക്ലബ്ബ് കലാഭവനായി മാറിയത്. പിറ്റേകൊല്ലം (1969) സെപ്റ്റംബർ 3 ന് ഫൈൻ ആർട്സ് ഹാളിൽ അന്നത്തെ ജില്ലാ കളക്ടർ എസ്. കൃഷ്ണകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ദീപം തെളിച്ച് കലാഭവൻ ഉദ്ഘാടനം ചെയ്തു.

1974 ആഗസ്റ്റ് 15 ന് ആദരണീയനായ കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ കലാഭവൻ മന്ദിരത്തിന് തറക്കല്ലിട്ടു.

വളർച്ചയുടെ പടവുകൾ ഒന്നൊന്നായി കയറിയ കലാഭവന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ച നാലുനില മന്ദിരം ഉദ്ഘാടനം ചെയ്തത് സിനിമാതാരം കമലഹാസനാണ്. നാല് നിലകളുള്ള രണ്ട് മന്ദിരങ്ങൾ അടങ്ങുന്നതാണ് ഇന്നത്തെ കലാഭവൻ മന്ദിരം. ക്ലാസ്സ് മുറികളും ലൈബ്രറിയും ഓഡിറ്റോറിയവുമെല്ലാം അടങ്ങുന്നതാണ് രണ്ട് കെട്ടിടങ്ങളും. നൃത്തത്തിന്റെ, സംഗീതത്തിന്റെ വിവിധ ശാഖകളിലായി രണ്ടായിരത്തിലേറെ കുട്ടികൾ ഇവിടെ അറിവ് നേടുന്നു.

## ആബേലച്ചനും മിമിക്സ് പരേഡും

ഏത് കലയായാലും അത് ജനകീയമാകണമെന്നും ഏവർക്കും ആസ്വദിക്കുവാൻ കഴിയണമെന്നും ഫാ. ആബേൽ വിശ്വസിച്ചിരുന്നു. കലാഭവനിൽ നിന്നും മിമിക്സ് പരേഡ് എന്ന പുതുകലാരൂപം ജനിച്ചത് അച്ചന്റെ ഈ സങ്കൽപത്തിൽ നിന്നാണ്.

ഹാസ്യകലയുടെ അനന്ത സാദ്ധ്യതകൾ ആബേലച്ചൻ തിരിച്ചറിഞ്ഞിരുന്നു. ഇല്ലെങ്കിൽ ഇത്തരമൊരു പരീക്ഷണത്തിനു കലാഭവനെ ഉപയോഗിക്കുവാൻ അദ്ദേഹം സമ്മതിക്കുമായിരുന്നുവെന്ന് വിശ്വസിക്കാനാവില്ല.

മിമിക്സ് പരേഡ് പിറവിയെടുക്കുന്നതിനു മുമ്പുതന്നെ മിമിക്രി ജനങ്ങളെ ആകർഷിച്ചിരുന്നുവെങ്കിലും അത് ഏതാനും ചിലരിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നു. മിമിക്രിയെ ഒരു സംഘകലയാക്കി മാറ്റി, കൂട്ടുത്തര

marggam DIGITAL PUBLISHING
www.marggam.org

വാദിത്വത്തോടെ നിയതമായ ചട്ടക്കൂടിലൊതുക്കി രണ്ടോ മൂന്നോ മണിക്കൂർ നീളുന്ന പ്രോഗ്രാമാക്കി അവതരിപ്പിച്ചത് കലാഭവനാണ്.

കലാഭവന്റെ സൂപ്പർസ്റ്റാറുകളായിരുന്ന സിദ്ദിക്കും, ലാലും, പ്രസാദും, റെഹ്മാനും, അൻസാറും, വർക്കിച്ചൻപെട്ടയും മറ്റും ചേർന്നാണ് അച്ചന്റെ മുന്നിൽ ഈ ആശയം അവതരിപ്പിച്ചതെന്ന് കലാഭവൻ സ്മരണികയിൽ വായിച്ചത് ഓർക്കുന്നു. ആബേലച്ചൻ അതിന് സമ്മതം നൽകി. 1976 ലൊ മറ്റോ ആയിരുന്നു അത്. എന്നാൽ 81 സെപ്റ്റംബർ 21 നാണ് കലാഭവൻ മിമിക്സ് പരേഡിനെ പ്രത്യേക കലാരൂപമായി അരങ്ങിലെത്തിച്ചത്. എറണാകുളം ഫൈൻആർട്ട്സ് ഹാളിൽ ആദ്യ അവതരണം കഴിഞ്ഞപ്പോൾ തന്നെ അത് ഹിറ്റായി, പിന്നീട് മിമിക്സ് പരേഡിന്റെ യുഗമായിരുന്നു. കഥാപ്രസംഗവും ബാലെയും മറ്റും അടക്കി വാണിരുന്ന വേദികളിൽ കലാഭവന്റെ മിമിക്സ് പരേഡ് അരങ്ങ് തകർത്തു. മിമിക്രി കലാകാരന്മാർക്ക് സിനിമയിലേക്കുള്ള വാതായനമാണ് കലാഭവൻ അന്നും ഇന്നും. സൈനുദ്ദീൻ ജയറാം എന്നിവരിൽ തുടങ്ങി ഷാജോൺ, ജിന്റോ വരെ സിനിമാ പ്രവേശനം തുടരുകയാണ്.

ആബേലച്ചന്റെ കൈയ്യൊപ്പ് പതിഞ്ഞ ആ കലാരൂപം ഇന്നും ജനപ്രിയ കലയായി നിലനിൽക്കുന്നു. പിറവത്തുകാർക്കും മുളക്കുളത്തുകാർക്കും അഭിമാനിക്കുവാൻ ഏറെ വകനൽകുന്നതാണ് ആബേലച്ചന്റെ നേതൃത്വത്തിൽ ഉണ്ടായ ഈ മുന്നേറ്റം. പക്ഷേ അതിന് പെരിയപ്പുറത്തെ ആബേലച്ചനെ, അച്ചന്റെ കലാസപര്യയെ നാം തിരിച്ചറിയണം.

## പെരിയപ്പുറം കുടുംബം അന്നും ഇന്നും

മൂന്ന് നൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് മുളക്കുളം വടക്കേക്കരയിലെ ഇന്ന് കാണുന്ന പെരിയപ്പുറം താഴത്തുതറവാട്.

താഴത്തുവീട്ടിലെ മാത്തൻ തരകനാണ് 1835 ൽ മുളക്കുളം സെന്റ് മേരീസ് കത്തോലിക്ക പള്ളി (കോമച്ചൻകുന്ന് പള്ളി) സ്ഥാപിക്കാൻ നേതൃത്വം നൽകിയത് എന്ന് സഭാചരിത്രം പറയുന്നു. അതുവരെ കാത്തോലിക്കരും യാക്കോബായക്കാരും മുളക്കുളം സെന്റ് മേരീസ് പള്ളിയിലാണ് (സഭാതർക്കങ്ങളെ തുടർന്ന് അടച്ചിട്ടിരിക്കുന്ന പള്ളി) ആരാധന നടത്തിയിരുന്നത്. വാഴ്ത്തപ്പെട്ട പരി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ പാദസ്പർശമേറ്റ തറവാടാണ് പെരിയപ്പുറം താഴത്തുവീട്. അറയും നിരയും നടുമുറ്റവുമെല്ലാമുള്ള നാല് കെട്ടായിരുന്ന പെരിയപ്പുറം താഴത്തുവീട്. പഴയ നാല്കെട്ടിന്റെ എടുപ്പാണ് ഇപ്പോഴുള്ളത്. പ്രതാപവും ഐശ്വര്യവും ഒത്തിണങ്ങിയ ഇരുനില മാളികവീട് പെരിയപ്പുറം താഴത്തുവീടിന്റെ പാരമ്പര്യം വിളിച്ചോതുന്നതാണ്.

ഈ തറവാടിൽ കുരുവിള മാത്തൻ, കുഞ്ഞേലി ദമ്പതിമാരുടെ പുത്രനായിട്ടാണ് ആബേലച്ചൻ ജനിച്ചത്. ഇവരുടെ ഒമ്പത് മക്കളിൽ അഞ്ചാമനാ



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

യിരുന്നു പിൽക്കാലത്ത് ആബേലച്ചനായ മാത്യു. ഫാ. ജോസഫ് പെരിയപ്പുറം, അന്നമ്മ കുര്യൻ, മാത്തൻ കുര്യൻ, സിസ്റ്റർ പാത്രോസിയ, പ്രൊഫ. സി. എം. ചാക്കോ, പ്രൊഫ. പി. എം. തോമസ്, സിസ്റ്റർ ഗ്ലോറിയ, ജോൺ പി. മാത്യു എന്നിവരാണ് ആബേലച്ചന്റെ സഹോദരങ്ങൾ. ഇവരിൽ പ്രൊഫ. പി. എം. തോമസ്, (പാലാരിവട്ടം), സിസ്റ്റർ ഗ്ലോറിയ (എസ്.എ.ബി.എസ്. പുവക്കുളം), ജോൺ പി. മാത്യു (കല്ലാനോട്, കോഴിക്കോട്), എന്നിവരാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നവർ. പ്രൊഫ. പി. എം. തോമസ് (റിട്ട. ആർ.ഇ.സി. കോഴിക്കോട്) തൃശ്ശനാപ്പിള്ളിൽ അദ്ധ്യാപകനായിരിക്കെ, ഡോ. എ.പി.ജെ. അബ്ദുൾ കലാം ശിഷ്യനായിരുന്നു. ഈ പരമ്പരയിലെ പ്രൊഫ. പി.എം. ചാക്കോയുടെ (റിട്ട. പ്രിൻസിപ്പാൾ, സെന്റ് തോമസ് കോളേജ് പാല) മകനാണ് പ്രശസ്ത കാർഡിയോളജിസ്റ്റായ ഡോ. ജോസ് ചാക്കോ പെരിയപ്പുറം. ഹൃദയത്തെ ഹൃദയം കൊണ്ടറിഞ്ഞ മഹാമാനുഷി. ഓപ്പറേഷൻ തീയറ്ററിൽ രോഗിയുടെ ഹൃദയം തൊട്ട് ചെയ്യുന്ന ഓരോ ശസ്ത്രക്രിയയും ഡോക്ടർക്ക് ഈശ്വരോപാസനയാണ്. ഓരോ ശസ്ത്രക്രിയയ്ക്ക് മുമ്പും, ശേഷവും താൻ പ്രാർത്ഥനാനിരതനാകാറുണ്ടെന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇവിടെ അനുസ്മരിക്കട്ടെ. ഈശ്വരാർപ്പിതമായി ചെയ്യുന്ന ഏത് കർമ്മവും എന്നും പൂർണ്ണവിജയമായിരുക്കുമെന്നതിന്റെ ജീവിക്കുന്ന തെളിവാണ് ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ അനുഭവങ്ങൾ.

പെരിയപ്പുറത്ത് തറവാടിന്റെ പാരമ്പര്യവും മഹത്വവും ഇന്നും നില നിൽക്കുന്നുവെന്നതിന്റെ തെളിവാണ് പിൻമുറക്കാരുടെ ജീവിത വിജയം.

നമ്മുടെ കഥാനായകൻ ഫാ. ഡോ. ആബേൽ മുളക്കുളം കല്ലുവെട്ടാമട സെന്റ് ആന്റണീസ് എൽ. പി. സ്കൂളിൽ നിന്നാണ് പ്രാഥമിക വിദ്യാഭ്യാസം നേടിയത്. പിറവം എം.കെ.എമ്മിലായിരുന്ന തുടർ വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസം മാന്നാനത്തായിരുന്നു.

ഫാ. ആബേലിന്റെ ജ്യേഷ്ഠ സഹോദരൻ മാത്തൻ കുര്യന്റെ മൂത്ത മകൻ ജോയി സിറിയക്കും ഭാര്യ ത്രേസ്യാമ്മയുമാണ് പെരിയപ്പുറം താഴത്തെ വീട്ടിൽ ഇപ്പോൾ താമസിക്കുന്നത്. ജോയി സിറിയക്കിനും വൈദ്യപാരമ്പര്യം പകർന്ന് കിട്ടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇളയ മകൾ ടെസ്സ് സുജിത്ത് ആയുർവ്വേദ ഡോക്ടറാണ്. പെരിയപ്പുറത്തിന്റെ പാരമ്പര്യ നാട്ടുവൈദ്യം ടെസ്സിലൂടെ ആധുനിക വൈദ്യശാസ്ത്രമായി ജനങ്ങൾക്ക് തുടർന്നും ലഭിക്കുമെന്ന് സാരം.

ആബേലച്ചന്റെ ഓർമ്മകൾ ഉള്ളിലൊതുക്കുന്ന ജോയി സിറിയക്കും ഭാര്യ ത്രേസ്യാമ്മക്കും അച്ചൻ ഇന്നും മധുരിക്കുന്ന ഓർമ്മയാണ്. കലാഭവനിലായിരിക്കെ വല്ലപ്പോഴുമൊക്കെ അച്ചൻ തറവാട്ടിലെത്തുമായിരുന്നു. വന്ന

പാടെ ചായകുടിക്കും പിന്നെ തൊടിയുടെ പിന്നിലുള്ള പാടത്തേക്കിറങ്ങും. പാടവും തൊടിയും കൃഷിയുമെല്ലാം അച്ചന് ഏറെ പ്രിയമായിരുന്നു. കുടപ്പന യുടെ സത്ത് ഇടിച്ചുണ്ടാക്കുന്ന പനയടയായിരുന്നു അച്ചന് ഏറെപ്രിയം. മഹാ നഗരത്തിന്റെ തിരക്കുകളിലും ഫാസ്റ്റ് ഫുഡ് സംസ്കാരത്തിലും ജീവിച്ചിട്ടും നാട്ടിൻപുറത്തെ പഴയകാല ഭക്ഷ്യവിഭവങ്ങൾ അച്ചന് എന്നും ഇഷ്ടമായിരു ന്നുവെന്നും അവർ അനുസ്മരിച്ചു.

2001 ഒക്ടോബർ 27 ന് 81-ാം വയസ്സിൽ തൊടുപുഴയിലെ ക്ലിനിക്കിലാ യിരുന്നു ഫാ. ആബേലിന്റെ അന്ത്യം. കോട്ടയത്തും എറണാകുളത്തും പൊതു ദർശനത്തിന് വച്ച ശേഷം പെരിയപ്പുറത്തുതറവാട്ടിലെത്തിച്ച ഭൗതികാവ ശിഷ്ടം 29 ന് കുറവിലങ്ങാടിനടുത്ത് കുര്യനാട് സെന്റ് ആൻസ് ആശ്രമ ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## ആബേലച്ചനെപ്പറ്റി ആബേലച്ചൻ

മുപ്പത്തഞ്ചുകൊല്ലം മുമ്പു ഞാൻ എറണാകുളത്ത് കാലുകുത്തുമ്പോൾ ഒന്നിനെപ്പറ്റിയും എനിക്ക് ഒരു കണക്കുകൂട്ടലും ഉണ്ടായിരുന്നില്ല- കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ വിളച്ചതുകൊണ്ടു വന്നു. അദ്ദേഹം നിർദ്ദേശിക്കുന്ന ജോലികൾ ചെയ്യുന്നു. അത്രമാത്രം.

സത്യദീപം പത്രാധിപരായിരുന്നപ്പോൾ തിരുമേനി ഉപയോഗിച്ചിരുന്ന ബ്രോഡ്‌വേയിലെ ഒരു ചെറിയമുറി എന്റെ ഉപയോഗത്തിനു വിട്ടുതന്നു. രാത്രി താമസം കാരിക്കാമുറിയാശ്രമത്തിൽ. രാവിലെ എട്ടുമണിയാകുമ്പോൾ ബ്രോഡ്‌വേയിലേയ്ക്കു നടക്കും. വൈകുന്നേരം അഞ്ചരയാകുമ്പോൾ തിരി ച്ചുനടക്കും. അങ്ങനെ ബസ്സുകൂലിയൊഴിവാക്കാം. വ്യായാമവും കിട്ടും. അതാ യിരുന്നു പദ്ധതി. അത്തരം ചെലവു ചുരുക്കൽ നയം മൂലമാണു കലാഭവൻ ഉണ്ടാകാനിടയായത് എന്നു ഞാൻ വിശ്വസിക്കുന്നു.

അന്നു സി.എം.ഐ. സഭയുടെ ജനറാളായിരുന്ന റവ. ഡോ. കനീസി യൂസാണ് എന്റെ സേവനം കർദ്ദിനാളിനു വിട്ടുകൊടുത്തത്. മുമ്പോട്ടുള്ള എന്റെ പ്രവർത്തനങ്ങളിലെല്ലാം ബ. കനീസിയൂസച്ചൻ വാത്സല്യപൂർവ്വം എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിരുന്ന കാര്യം കൃതജ്ഞതാപൂർവ്വം ഞാൻ അനുസ്മരിക്കുന്നു.

1965 മുതൽ 69 വരെ കർദ്ദിനാൾ തിരുമേനി ആവശ്യപ്പെട്ടതനുസ രിച്ച് മൃതസംസ്ക്കാരം, കാനോനാ നമസ്കാരം, വിശുദ്ധവാരകർമ്മങ്ങൾ മുത ലായ പുസ്തകങ്ങളും ആവശ്യമായ ഭക്തിഗാനങ്ങളും രചിക്കുന്നതിലാണു ഞാൻ വ്യാപൃതനായിരുന്നത്. വിവർത്തനം നിർവ്വഹിച്ചു തന്നത് സുറിയാനി ഭാഷാ പണ്ഡിതനായ ഫാദർ ലുദവിക് കുനിയന്തോടത്ത് ആയിരുന്നു.

അദ്ദേഹം അന്ന് ആലുവാ ആശ്രമത്തിലാണു താമസിച്ചിരുന്നത്. വട്ടക്കുന്നേൽ ബ. ആന്റണി മാരിസച്ചൻ അദ്ദേഹത്തെ സഹായിച്ചിരുന്നു.

അന്നു ബഹു. പ്രൊവിൻഷ്യലച്ചന്റെ അനുവാദത്തോടുകൂടി കാരിക്കാമുറി പ്രയോർജനറൽസ് ഹൗസിലാണു ഞാൻ താമസിച്ചിരുന്നത്. സൗകര്യാർത്ഥം രണ്ടുകൊല്ലം അരമനയിലും താമസിച്ചിട്ടുണ്ട്. മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ജോലി. ഇരുന്നുമടുക്കുമ്പോൾ നിന്നുകൊണ്ടെഴുതാൻ പൊക്കമുള്ള ഒരു മേശയും തയ്യാറാക്കിയിരിക്കുന്നു. അരമനയിലെ വാസം സുഖപ്രദമാക്കുവാൻ ബഹു. ഏറണാട്ടച്ചനും മറ്റും വളരെ സഹായിച്ചിട്ടുണ്ട്. കൈയെഴുത്ത് പ്രതികൾ വായിച്ച് തിരുത്തുവാനും നിർദ്ദേശങ്ങൾ നൽകുവാനും കർദ്ദിനാൾ തിരുമേനി കാണിച്ച ജാഗ്രത എന്നെ വിസ്മയിപ്പിച്ചു. അദ്ദേഹം മലയാളം ഹയറിനു പഠിച്ചിരുന്നത് എനിക്ക് വലിയ ആശ്വാസമായി.

ആദ്യമാദ്യമുള്ള ഗാനങ്ങൾ സുറിയാനി രീതിയിലാണ് എഴുതിയിരുന്നത്. പാട്ടുകുർബ്ബാനയുടെ ഗാനങ്ങൾക്കും മറ്റും പുതിയ ശീലുകൾ നല്കണമല്ലോ. അക്കാര്യത്തിലാണ് കെ. കെ. ആന്റണി മാസ്റ്ററുടെ സേവനം ആവശ്യമായി വന്നത്. സിലോൺ റേഡിയോയിൽ പരിപാടികൾ അവതരിപ്പിച്ചിരുന്ന ആന്റണിമാസ്റ്ററെ ഇരിങ്ങാലക്കുടക്കാരൻ വർഗീസ് പുളിക്കൽ എന്നൊരു വ്യാപാരിയാണ് കലാഭവനിൽ കൊണ്ടുവന്നത്. ആന്റണിമാസ്റ്ററുടെ കലാവിരുതിനെപ്പറ്റി എനിക്കൊന്നും അറിഞ്ഞുകൂടായിരുന്നു. ഏതായാലും ഒന്ന് പരീക്ഷിച്ചു നോക്കിക്കളയാമെന്നു കരുതി. ഞാൻ രചിച്ച 'കർത്താവിൻ തിരുഭവനത്തിൽ' എന്ന ഈരടികൾ ട്യൂൺ ചെയ്യാൻ അദ്ദേഹത്തെ ഏൽപ്പിച്ചു. ആ ട്യൂൺ എനിക്കു വളരെ ഇഷ്ടപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ ആഴമേറിയ വിജ്ഞാനത്തെപ്പറ്റി മനസ്സിലായപ്പോൾ ഇന്റർവ്യൂ നടത്തിയ വിവരക്കേടിനെയോർത്ത് ഞാൻ ലജ്ജിച്ചു. അതിനുശേഷമാണ് ''ഈശ്വരനെത്തേടി', ''പരിശുദ്ധാത്മാവേ....' ''നട്ടുച്ചനേരത്ത്....' തുടങ്ങിയ ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ അദ്ദേഹം വിദഗ്ധമായി സംവിധാനം ചെയ്തത്. അതോടുകൂടി തിരുനാൾക്കർമ്മങ്ങൾ, കുർബാന മുതലായവ പുസ്തകങ്ങളിലെ ഗാനങ്ങളും ടേപ്പിലാക്കി വിതരണം ചെയ്യേണ്ടിവരുന്നു. അക്കാര്യത്തിൽ ആന്റണിമാസ്റ്ററെ ഏറ്റവുമധികം സഹായിച്ചത് എമിൽ, റെക്സ്, ജോളി എബ്രാഹാം തുടങ്ങിയ കലാകാരന്മാരാണ്.

ദേവാലയ ഗാനങ്ങളെല്ലാം റെക്കോർഡു ചെയ്തു കഴിഞ്ഞപ്പോൾ അതിൽ സഹകരിച്ച യുവകലാകാരന്മാർക്കു മറ്റൊരു വഴി തുറന്നു കൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയായി ചിന്ത. അതിന് ഒരു ഗാനമേള ട്രൂപ്പുണ്ടാക്കണം. യേശുദാസിന്റെ ഗാനമേള ആരംഭിച്ചകാലമായിരുന്നു. അതിന്റെ മാതൃകയിൽ ചില ഗായകരേയും, എമിൽ റെക്സ് പ്രതിഭകളേയും

കൂട്ടിയിണക്കി കലാഭവൻ ട്രൂപ്പിന് അടിത്തറയിട്ടു. അതിലൂടെ ഒത്തിരി കലാകാരന്മാർക്കു കരയേറാൻപറ്റി. ജോളി എബ്രാഹം, ജെൻസി, സുജാത, ഗോപകുമാർ തുടങ്ങിയവരായിരുന്നു ആദ്യ ഗായകർ.

ഗാനമേളമാത്രമായിട്ടാണ് ആരംഭം. പരിപാടി കൂടുതൽ ആസ്വാദ്യകരമാക്കുവാൻ പിന്നീട് അതോടുചേർത്തു മിമിക്രിയും നടത്തി തുടങ്ങി. വർക്കിയച്ചൻ പെട്ട ഏകനായിട്ടാണ് മിമിക്രി തുടങ്ങിയത്. ക്രമേണ അതു മൂന്നായിട്ടു വികസിച്ചു. കാണികളുടെ ആവേശകരമായ പ്രതികരണം കണ്ടപ്പോൾ മിമിക്രി തനിച്ച് ഒരു മുഴുനീളപ്പരിപാടിയാക്കിയാലോ എന്നു ഞാൻ ആലോചിച്ചു. അങ്ങനെ ഗാനമേളയുടെ ഇടയ്ക്കുള്ള മിമിക്രി നിലനിർത്തിക്കൊണ്ടുള്ള പത്തുപേരടങ്ങുന്ന മറ്റൊരു പരിപാടിക്കു രൂപം കൊടുത്തു. അതിന് മിമിക്സ് പരേഡ് എന്നു പേരും നല്കി.

ഇരുപതിലേറെ മിമിക്സ് പരേഡ് ആർട്ടിസ്റ്റുകൾ സിനിമാലോകത്തേയ്ക്കു കുടിയേറിയതോടെ കലാവാസനയുള്ള ചെറുപ്പക്കാരുടെ ഇടയിൽ ഒരു കോളിളക്കം തന്നെയുണ്ടായി. തുടർന്നു കന്യാകുമാരി മുതൽ കാസർഗോടു വരെയുള്ള സിനിമാപ്രേമികളായ യുവാക്കന്മാരുടെ ഒരു പ്രവാഹമായി കലാഭവനിലേയ്ക്ക്. അത് ഇപ്പോഴും തുടർന്നു കൊണ്ടു തന്നെ പോകുന്നു.

അതിനിടയിൽ, 24 ട്രാക്കുള്ള ഒരു ഡിജിറ്റൽ റെക്കാർഡിംഗ് സ്റ്റുഡിയോ കലാഭവനിൽ സ്ഥാപിച്ചു. റെക്കോർഡിംഗ് എൻജിനീയറായ വിദഗ്ധനായ സോബി ജോർജിനെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ അവിടെ ഇടതടവില്ലാതെ എല്ലാ സമയവും റെക്കോർഡിംഗ് നടക്കുന്നു എന്നു പറയുവാൻ അതിയായ സന്തോഷമുണ്ട്.

ഒരധ്യാപകനും മൂന്നു കുട്ടികളുമായി ബ്രോഡ്വേയിലെ ഒരു ചെറിയ മുറിയിൽ ആരംഭിച്ച സംഗീതക്ലാസ്സുകളുടെ ചരിത്രം ഒരത്ഭുതകഥയാണ്. അതിനു പകരം ഇന്ന് നാലുനിലകൾ വീതമുള്ള രണ്ട് സൗധങ്ങളിലായി 3100 വിദ്യാർത്ഥിനീവിദ്യാർത്ഥികൾ സംഗീതസംബന്ധമായ 21 വിഷയങ്ങൾ അഭ്യസിച്ചു വരുന്നു. ഗാനമേള, മിമിക്സ് പരേഡ് ട്രൂപ്പുകൾ 1984 മുതൽ ഇൻഡ്യയുടെ വിവിധ കേന്ദ്രങ്ങളിൽ മാത്രമല്ല, അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നീ വിദേശകാര്യങ്ങളിലും പരിപാടികൾ അവതരിപ്പിച്ചു മുക്തകണ്ഠമായ പ്രശംസ നേടി വരുന്നു.

കലാഭവന്റെ ആരംഭകാലത്ത് 'കുഞ്ഞിക്കൈകൾ' എന്ന ബാലചിത്രത്തിലൂടെ സിനിമാരംഗത്ത് പരീക്ഷണം നടത്തിനോക്കിയതും, ശ്രീ. സി. എൻ. ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിൽ കലാഭവൻ തീയേറ്റർ സ്കൂൾ നടത്തിയതും മറ്റും പലർക്കും അറിവില്ലാത്ത കാര്യങ്ങളാണ്.

കലാഭവൻ സ്റ്റുഡിയോസ് എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി സ്ഥാപിച്ചത് 1971-ൽ ആണ്. ശ്രീ. കെ. ജെ. യേശുദാസിന്റെയും മറ്റും

marggam DIGITAL PUBLISHING
www.marggam.org

ആഗ്രഹപ്രകാരം അന്ന് അതിന്റെ പേരിൽ കാക്കനാട്ട് ആറ് ഏക്കർ സ്ഥലം വാങ്ങി. മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. ജോസഫ് കാരിക്കാശ്ശേരിയുടെ അകാലനിര്യാണം മൂലം കമ്പനിയുടെ പ്രവർത്തനങ്ങൾ വളരെക്കാലത്തേയ്ക്കു മുടങ്ങിക്കിടന്നു. 1996 ആരംഭത്തിൽ ഏതാനും ഷെയർ ഹോൾഡേഴ്സു വന്ന് സ്റ്റുഡിയോസിന്റെ പ്രവർത്തനം പുനരാരംഭിക്കണമെന്നും, അതു സാധ്യമല്ലെങ്കിൽ വസ്തു വിറ്റുകാശു വീതിച്ചു കൊടുത്തേപറ്റൂ എന്നും ശക്തിയായി വാദിച്ചു. ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ ആസ്തികൾ വില്ക്കുക ക്ഷിപ്രസാധ്യമല്ലെന്നു മനസ്സിലായപ്പോൾ അതു പുനർ ജീവിപ്പിക്കുവാൻ തന്നെ തീരുമാനിച്ചു.

ആ സ്ഥലത്ത് ഒരു സ്കൂളും, ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും, ടി. വി. സെന്ററും തുടങ്ങാനാണു പ്ലാനിട്ടത്. ഡയറക്ടർ ബോർഡിന്റെ നിർദ്ദേശപ്രകാരം കൂടുതൽ ഷെയറുകൾ വില്ക്കുന്നതിനായി എം.ഡി.യായ ജോർജ്ജുകുട്ടി കരിയാനപ്പള്ളിയും ഞാനും കൂടി അമേരിക്കയിലും യൂറോപ്പിലും ഗൾഫു രാജ്യങ്ങളിലും പര്യടനം നടത്തി രണ്ടുകോടിയിൽപരം രൂപ് സ്വരൂപിച്ചു. പ്രായോഗികത കണക്കിലെടുത്ത് ആദ്യവർഷം സ്കൂൾ മാത്രം ആരംഭിക്കാമെന്നും, മറ്റുള്ളവ അടുത്ത കൊല്ലത്തേയ്ക്കു മാറ്റി വയ്ക്കാമെന്നുമാണു തീരുമാനമുണ്ടായത്.

അതനുസരിച്ച് 1998 നവംബർ 14-ാം തീയതി സിനിമാനടൻ ശ്രീ. ജയറാം കാക്കനാട്ടുള്ള സ്കൂൾ കെട്ടിടത്തിനു തറക്കല്ലിട്ടു. സ്കൂളും ഹോസ്റ്റലും ഏഴുമാസം കൊണ്ടു പൂർത്തിയാക്കി ജൂൺ 1-ാം തീയതി ക്ലാസ്സുകൾ ആരംഭിച്ചു. സ്കൂളിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ശ്രീ. ജയറാമിന്റെയും കലാഭവൻ മണിയുടേയും സാന്നിദ്ധ്യത്തിൽ വിദ്യാഭ്യാസമന്ത്രി ശ്രീ. പി. ജെ. ജോസഫ് ആണു നിർവ്വഹിച്ചത്. വിദേശത്തു നിന്നുള്ള ഷെയർ ഹോൾഡേഴ്സും, രക്ഷകർത്താക്കളും തദവസരത്തിൽ സന്നിഹിതരായിരുന്നു. പ്രതീക്ഷിച്ചതിലേറെ മനോഹരമായ സ്കൂൾ കെട്ടിടവും പരിസരങ്ങളും നേരിൽക്കണ്ട് അവർ നിർവൃതിയടഞ്ഞു.

ഐ.സി.എസ്.ഇ. സിലബസനുസരിച്ച് നടത്തപ്പെടുന്ന സ്കൂളും, ഡിപ്ലോമാ നേടുന്ന കലാഭ്യാസനവും അഭുതപൂർവ്വമായ ഒരു പദ്ധതിയാണെന്നുള്ളതിൽ സംശയമില്ല. ദൈവത്തിന്റെ തൃക്കരങ്ങളാണു കലാഭവനെ ഉന്നമനത്തിലേയ്ക്കു നയിച്ചുകൊണ്ടിരുന്നത്. അമരത്തിരിക്കുന്നവർ ദൈവവിശ്വാസത്തിലും എളിമയിലും അടിയുറച്ചു നിന്നാൽ ഒരുകാലത്ത് നളന്ദ, തക്ഷശിലപോലെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിജ്ഞാനകുതുകികളെ ആകർഷിക്കുന്ന ഒരു ലോകോത്തര പ്രസ്ഥാനമായി കലാഭവൻ വളരുമെന്നാണ് എന്റെ പ്രതീക്ഷ.



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഫാ. ആബേൽ 1965 മുതൽ 71 വരെയുള്ള കാലയളവിൽ രചിച്ച ചില ഭക്തിഗാനങ്ങൾ. ജനഹൃദയങ്ങളെ ഭക്തിസാന്ദ്രമാക്കുന്ന ഈ ഗാനങ്ങൾ, ഫാ. ആബേലിന്റെ ഭക്തിഗാനങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്

1. ഈശ്വരനെത്തേടി

ഈശ്വരനെത്തേടി ഞാൻ അലഞ്ഞു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു:
അവിടെയുമില്ലിവിടെയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ
എവിടെയാണീശ്വരന്റെ കാല്പാടുകൾ?
മണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല:
എവിടെയാണീശ്വരന്റെ സുന്ദരാനനം?
വിണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല.
കണ്ടില്ല, കണ്ടില്ലന്നോതിയോതി
കാനനച്ചോല കുണുങ്ങിയോടി:
കാണില്ല, കാണില്ലന്നോതിയോതി
കിളികൾ പറന്നു പറന്നുപോയി.
അവസാനമെന്നിലേയ്ക്കു ഞാൻ തിരിഞ്ഞു
ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു:
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം.

2. പരിശുദ്ധാത്മാവേ

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ, എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.
സ്വർഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാരവിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ,
കേഴുമാത്മാവിലാശ വീശുന്ന
മോഹനദിവ്യഗാനമേ.
വിണ്ടുണങ്ങി വരണ്ടമാനസം
കണ്ട വിണ്ണിൻ തടാകമേ,
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ,
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ.

3. ദൈവമേ, നിൻ ഗേഹം

ദൈവമേ, നിൻ ഗേഹമെത്ര മോഹനം
നിൻ ഗൃഹത്തിൽ വാഴുവോർ ഭാഗ്യവാന്മാർ.
കണ്ണുകൾ നിൻ ദിവ്യശോഭ തഴുകി നിൽപ്പൂ
കാതുകൾ നിൻ വാണിയിൽ മുഴുകി നിൽപ്പൂ

അന്യഭൂവിലായിരം ദിനങ്ങളേക്കാൾ
നിൻ ഗൃഹത്തിലേക ദിവസം കാമ്യമല്ലോ.
അഖിലലോകനായകന്റെ പാദപീഠം
തിരുവരങ്ങളൂറി നിൽക്കും ദിവ്യഗേഹം
നിത്യജീവനേകിടുന്ന പുണ്യതീർത്ഥം
വാനദൂതർ പാടിടും മനോജ്ഞഗേഹം
ആരുമാരും കേൾക്കാത്ത നവ്യഗാനം
ആരുമാരും കാണാത്ത ദിവ്യസ്വപ്നം
മാരിവില്ലിൻ നിറം ചേർന്ന ചക്രവാളം
താരമാല ചാർത്തിടുന്ന വാനമേഘം.

4. **നട്ടുച്ചനേരത്ത്**

നട്ടുച്ചനേരത്ത്, കിണറിന്റെ തീരത്ത്
വെള്ളത്തിനായി ഞാൻ കാത്തിരിപ്പൂ,
നാരീ, ഒരു പാത്രം ദാഹജലം നീ എനിക്കു നൽകൂ.
അയ്യയ്യോ, നീനൊരു യൂദൻ
ഞാനിന്നൊരു ശമറായത്തി
ഞാൻ കോരിയ വെള്ളം തൊട്ടാൽ തീണ്ടലില്ലേ?
അറിയുന്നില്ലേതും നീ
എന്നോടു നീ ചോദിച്ചാൽ
ജീവന്റെ ജലം കോരിത്തരുമല്ലോ ഞാൻ.
കയറില്ലാ, പാളയുമില്ല
നീയെങ്ങനെ വെള്ളം കോരും?
ജീവന്റെ ജലം പിന്നെ എങ്ങനെ കിട്ടും?
ഞാൻ നൽകും നിത്യജലം നീ
വിശ്വാസമിയന്നു കുടിച്ചാൽ
നാരീ, നിനക്കൊരുനാളും ദാഹിക്കില്ല.
ആ ദിവ്യ ജലം നാഥാ,
നൽകേണമെനിക്കൊരുപാത്രം:
വീണ്ടും ഞാൻ വെള്ളം കോരാൻ പോരണ്ടല്ലോ.
മഹിളേ നീ വീട്ടിൽ പോയ് നിൻ
കണവനേയും കൊണ്ടുവരൂ നീ
അപ്പോൾ ഞാൻ കോരി വിളമ്പാം ജീവന്റെ ജലം.
ഗുരുവേ, നീ കോപിക്കരുതേ
വീട്ടിൽ ഞാനെന്തിനു പോകാൻ?
ഇല്ലില്ല, സത്യമെനിക്കു ഭർത്താവില്ല.
നീ ചൊന്നതു സത്യം തന്നെ
കണവന്മാരഞ്ചുണ്ടായി:
ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല.
നിന്ദിതമെൻ ജീവചരിത്രം
നീയെങ്ങനെ സർവ്വമറിഞ്ഞു?
ദൈവകരം തെളിവായ് നിന്നിൽ കാണുന്നു ഞാൻ.
മകളേ, നീ ശങ്കിക്കേണ്ട
ദൈവത്തിൻ പുത്രൻ തന്നെ
നിൻ മുമ്പിൽ നിൽക്കുന്നു, നീയറിഞ്ഞുകൊൾക.

നാഥാ, നിൻ തിരുമൊഴി കേൾക്കാൻ
ഭാഗ്യമെനിക്കെങ്ങനെയുണ്ടായ്
തൃപ്പാദം വിശ്വാസമൊടെ വണങ്ങിടുന്നേൻ.

**5. മഹേശ്വരാ, നിൻ**

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം:
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.
നൂറു നൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെ കാണാതെ:
നൂറു നൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞു പോയി കണ്ണീരിൽ.
ദൈവജാതൻ പിറന്ന മണ്ണിൽ
വിരിഞ്ഞ മർത്ത്യനു സൗഭാഗ്യം:
മിന്നിനിൽപ്പൂ താരകൾ വിണ്ണിൽ:
തെളിഞ്ഞു കാൺമൂ സ്വർല്ലോകം.

**6. മനുഷ്യാ, നീ മണ്ണാകുന്നു**

മനുഷ്യാ, നീ മണ്ണാകുന്നു;
മണ്ണിലേയ്ക്കു മടങ്ങും നൂനം:
അനുതാപക്കണ്ണുനീർ വീഴ്ത്തി - പാപ -
പ്പരിഹാരം ചെയ്തുകൊൾക നീ.
ഫലം നൽകാതുയർന്നു നിൽകും - വൃക്ഷ-
നിരയെല്ലാമരിഞ്ഞു വീഴ്ത്തും:
എരിതീയിലെരിഞ്ഞു വീഴും - നീറി
നിറം മാറിച്ചാമ്പലായ്ത്തീരും.
ദൈവപുത്രൻ വരുന്നൂഴിയിൽ- ധാന്യ-
ക്കളമെല്ലാം ശുചിയാക്കുവാൻ:
നെന്മണികൾ സംഭരിക്കുന്നു- കെട്ട
പതിരെല്ലാം ചുട്ടെരിക്കുന്നു.
ആയിരങ്ങൾ വീണു താഴുന്നു - മർത്യ
മാനസങ്ങൾ വെന്തു നീറുന്നു:
നിത്യജീവൻ നല്കിടും നീർച്ചാൽ - വിട്ടു
മരുഭൂവിൽ ജലം തേടുന്നു.
സ്വർഗ്ഗ രാജ്യമാർഗ്ഗമങ്ങോളം
മുള്ളു മുറ്റിയിരുണ്ടു നിൽപ്പു;
തീനരകം തീർത്ഥമാർഗങ്ങൾ - വീതി
നിറഞ്ഞു പൂ ചൊരിഞ്ഞു നിൽപൂ.
ശിലോഹായിൽ ഗോപുരം വീണു - കൂടെ
നരരേറെ മരിച്ചു വീണു:
തപം ചെയ്തു വരം നേടായ്കിൽ - നിങ്ങൾ
അതുപോലെ തകർന്നുപോകും.

7. എഴുന്നള്ളുന്നു

എഴുന്നള്ളുന്നു, രാജാവെഴുന്നള്ളുന്നു
നാകലോകനാഥനീശോ എഴുന്നള്ളുന്നു,
മാനവർക്കു വരം തൂകിയെഴുന്നള്ളുന്നു.
ബേദ്‌ലഹേമിൽ വന്നുദിച്ചൊരു കനകതാരം
യൂദയായിൽ കതിരുവീശിയ പരമദീപം
ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജം
മന്നിടത്തിനു ജീവനേകിയ സ്വർഗ്ഗഭോജ്യം.
കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
കടലിന്റെ മീതെ നടന്നുപോയവൻ:
മൃതിയടഞ്ഞ മാനവർക്കു ജീവനേകി
മനമിടിഞ്ഞ രോഗികൾക്കു സൗഖ്യമേകി.
വഴികളേ, പുതിയ മലരുകളണിഞ്ഞീടുവിൻ
മനുജരേ, മഹിത ഗീതികൾ പൊഴിഞ്ഞീടുവിൻ:
വൈരവും പകയുമെല്ലാം മറന്നീടുവിൻ
സാദരം കൈകൾ കോർത്തു നിരന്നീടുവിൻ.

8. പുൽക്കൂട്ടിൽ

പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണീ, നിൻ
തൃപ്പാദം കുമ്പിട്ടു നില്ക്കുന്നു ഞാൻ.
മിന്നും നിലാവിന്റെ തൂവെള്ളിക്കൈകൾ നിൻ
പരിപൂതമേനിയെ പുൽകിടുന്നു:
ഊർന്നൂർന്നിറങ്ങുന്ന മഞ്ഞിൻതരികളാൽ
പൊന്നാട നെയ്യുന്നു പൂഞ്ചന്ദ്രിക.
നീലാംബരത്തിന്റെ നീർച്ചാൽ തെളിച്ചൊരു
നീരാളമേഘം പതഞ്ഞു നിന്നു:
നീളെപ്പരന്നു മഹാനന്ദസന്ദേശം-
"സർവ്വേശപുത്രൻ ജനിച്ചു ഭൂവിൽ"
ഭൂമിയിലീശ്വര പുത്രൻ ജനിച്ചപ്പോൾ
പൂത്തിരി കത്തിച്ചില്ലാരുമാരും:
പൂവൽമെയ് മൂടുവാൻ, ശീതമകറ്റുവാൻ
പൂഞ്ചേല നല്കിയില്ലാരുമാരും.

9. ഭാരതം കതിരു കണ്ടു

ഭാരതം കതിരു കണ്ടു, ഭൂമുഖം തെളിവു കണ്ടു
മാർത്തോമ്മാ, നീ തെളിച്ച മാർഗ്ഗത്തിലായിരങ്ങ-
ളാനന്ദശാന്തി കണ്ടു.
ധൈര്യം പകർന്നു നിന്ന ജീവിതം
ഗുരുവിൻ മനം കവർന്ന ജീവിതം
പരസേവനം പകർന്ന ജീവിതം
സുവിശേഷ ദീപ്തിയാർന്ന ജീവിതം.
ഇരുളിൽ പ്രകാശമായ് വിടർന്നു നീ
മരുവിൽത്തടാകമായ് വിരിഞ്ഞു നീ:
സുരലോകപാത നരനു കാട്ടുവാൻ
ഒരു ദൈവദൂതനായണഞ്ഞു നീ.

10. നാഥൻ വരുന്നു

നാഥൻ വരുന്നു വരുന്നു - മേഘ-
വാതിൽ തുറന്നു വരുന്നു:
കാലൊച്ചകേൾക്കാമരങ്ങിൽ - കൊച്ചു
കാറ്റിൻ തരംഗങ്ങൾ കാണാം.
എത്രയോ കാലങ്ങളായി- ദീർഘ
യാത്രചെയ്തെത്തുന്നു ദേവൻ
രാത്രിയിൽ മാത്രമല്ലോരോ - പകൽ-
ച്ചാർത്തിലും നാഥൻ വരുന്നു.
ദുഃഖങ്ങളാഞ്ഞു പതിച്ചാൽ - ചിത്ത-
സൗഖ്യം തരാൻ നീ വരുന്നു:
ആനന്ദകാലങ്ങളായാൽ - അതി-
നാക്കം കൊടുക്കാൻ വരുന്നു.

11. നിനക്കായി മാത്രം

നിനക്കായി മാത്രം ഞാൻ ജീവിക്കട്ടെ- നിന്നെ-
ക്കാണുവാൻ മാത്രമെന്റെ മിഴിതുറക്കട്ടെ, നാഥാ,
രാത്രിയും പകലും നിൻ ശാന്തിയേകിടും രൂപം
മാത്രമെൻ ചിന്തയിൽത്തെളിഞ്ഞു നില്ക്കട്ടെ.
നിന്നിലാർന്നു വളർന്നിടും സ്നേഹമെന്യേ നാഥാ,
മന്നിലൊന്നും കാര്യമായ് ഞാൻ മതിക്കുന്നില്ല;
നിറമെഴും നിൻ സൗഭാഗ്യസന്ദേശങ്ങൾ ഒന്നും
മറക്കാതെ നിത്യവും ഞാനാലപിച്ചീടും.
നിൻകരങ്ങൾക്കുള്ളിലെന്ന ബന്ദിയാക്കണമേ, നാഥാ,
പങ്കിലമാം ബന്ധമെല്ലാമഴിക്കേണമേ:
സ്വാതന്ത്ര്യം ഭൂമിയിൽ ഞാൻ തേടുന്നില്ല, നിന്നെ
ഹൃദയത്തിൻ നാഥനായ് ഞാൻ പ്രതിഷ്ഠിക്കുന്നു.

12. ഹൃദയവാതിൽ

ഹൃദയവാതിൽ തുറന്നങ്ങേ കാത്തിരിക്കുന്നു ദിവ്യ
വദനമൊന്നു കാണുവാൻ ഞാൻ തപസിരിക്കുന്നു:
മധുരഗാനം പാടിയെന്റെ മണിയറയ്ക്കുള്ളിൽ പൂക്കൾ
വിതറിയങ്ങേയാഗമം ഞാൻ പാർത്തിരിക്കുന്നു.
ചുഴലെ വീശും കാറ്റിലീയിരണ്ട രാത്രിയിൽ നാഥാ,
വിജനമീവനത്തിലൂടെ പോവതെങ്ങു നീ?
വെളിയിലെങ്ങും കൊടിയവിനകൾ പതിയിരിക്കുന്നു. ഞാനെൻ
ഭവനവാതിൽ തുറന്നിട്ടു കാത്തിരിക്കുന്നു.
അറയിൽ നിന്നെൻ മിഴികളങ്ങേ സവിധമെത്തുന്നു പായും
നദികടന്നീക്കരയിലെത്താൻ വഴികളില്ലേന്നോ?
മിഴികൾ പൂട്ടാതനുനിമേഷം കാത്തു നിൽക്കുമീയെന്നെ
അവഗണിച്ചൊരു കനവുപോൽ നീ മാഞ്ഞുപോകല്ലേ.

13. എത്രനാളീ ഭൂമിയിൽ

എത്രനാളീ ഭൂമിയിൽ ഞാൻ ജീവിച്ചാലും
എത്രയേറെ ധനം വാരിക്കൂട്ടിയാലും
ഒന്നുമേ ഞാൻ നേടിയില്ലെൻ പ്രാണനാഥാ, നിന്റെ
സന്നിധാനം മാത്രമാണെൻ ശാന്തിയൂഴിയിൽ.

വിവശയായ് ഞാൻ വഴിയരികിലിരിക്കുമ്പോഴും
വിശ്രമത്തിനു പൊടിയിൽ ശയ്യ വിരിക്കുമ്പോഴും
പിന്നിടേണ്ട ദൂരമെല്ലാമോർത്തോർത്തു കണ്ണുനീർ
വാർത്തിടന്നു, മാനസം പുകഞ്ഞീടുന്നു.
ചിരികൾപൊട്ടി ഭവനമെല്ലാം നിറഞ്ഞീടുമ്പോൾ
മധുരമുരളീഗാനമെങ്ങും മുഴങ്ങീടുമ്പോൾ
അറയിൽ നിന്നെ സ്വീകരിക്കാൻ കഴിയാത്തതിൽ നാഥാ.
കരളു നീറിയുള്ളമൊന്നായ് വേദനിക്കുന്നു.

**14. പ്രാണനാഥാ**

പ്രാണനാഥാ, നിത്യമെന്റെയുള്ളിൽ വന്നു വാഴുവാനോ,
ദിവ്യകരസ്പർശമേറ്റു തരിച്ചീടുന്നേൻ:
നിന്റെമണിമന്ദിരമെൻ ദേഹമെന്നു നിനച്ചു ഞാൻ
സന്തതം പവിത്രമായതു കാത്തുകൊള്ളാം
ഹൃദയത്തിലുറയുന്ന കുടില വിദ്വേഷമെല്ലാം
നിയന്ത്രിച്ചു സ്നേഹമതിൽ പ്രതിഷ്ഠിക്കും ഞാൻ:
നന്മയെന്നിൽ വളർത്തുവാനാശകൊള്ളും പ്രാണനാഥാ,
നിൻമഹത്വമാണെൻ ലക്ഷ്യമീമന്നിൽ
നല്ല പുല്ലാങ്കുഴലായെൻ ജീവിതത്തെ വാർത്തെടുക്കാൻ
അല്ലിലും ഞാനവിരാമം ശ്രമിച്ചീടുന്നു:
എന്നുമതിൻ സുഷിരങ്ങൾ നിൻമഹത്വമൊഴുക്കുന്ന
നവഗാനതരംഗത്താൽ നിറഞ്ഞീടട്ടെ

**15. ഞാനറിയാതെൻ**

ഞാനറിയാതെൻ നാഥാ, നീ ഭൂവിലെൻ
നിത്യ സഹചാരിയായിരുന്നു:
ഭീതിയില്ലാതെ ഞാനുല്ലാസമോടു നിൻ
കൂടെക്കളിച്ചു രസിച്ചീടുന്നു.
എത്ര വർണ്ണോജ്ജ്വല സുപ്രഭാതങ്ങളിൽ
നാഥാ, നീയെന്നെ വിളിച്ചുണർത്തി !
ഒന്നിച്ചു നാമെത്ര കുന്നിൻതടങ്ങളിൽ
ഓടിനടന്നു മഹോത്സവമായ്
അന്നന്നു പാടിയ ഗാനങ്ങളൊക്കെ ഞാ-
നർത്ഥം ഗ്രഹിക്കാതെയേറ്റുപാടി:
സൂര്യനും ചന്ദ്രനും താരാഗണങ്ങളും
താളത്തിനൊപ്പിച്ചു നൃത്തമാടി

**16. കരയുന്ന ദൈവത്തെ**

കരയുന്ന ദൈവത്തേക്കണ്ടോ-പാരി-
ലലയുന്ന ദൈവത്തേക്കണ്ടോ?
ഒരുവറ്റുചോറിന്നു കൈനീട്ടിനില്ക്കുന്ന
വിവശനാം ദൈവത്തേക്കണ്ടോ?
പുതുമഞ്ഞിൻ തരിവീണു കുളിരേറ്റുവഴിവക്കിൽ
തലചായ്ക്കും ദൈവത്തേക്കണ്ടോ?
ഉരുകുന്ന രോഗത്താൽ - അഴലിന്റെ ഭാരത്താൽ
പിടയുന്ന ദൈവത്തേക്കണ്ടോ

ഇരുളുന്ന ഹൃദയത്തിനൊരുകൊച്ചു തിരിതേടി
ത്തിരിയുന്ന ദൈവത്തേക്കണ്ടോ?
നിറയുന്ന കദനത്തിൽ മിഴിനീരടക്കുവാ-
നുഴറുന്ന ദൈവത്തക്കണ്ടോ?
കണ്ടു, മർത്യനിൽക്കണ്ടു ദൈവത്തിൻ
ചിന്മയരൂപം ഞാൻ കണ്ടു.
ദീനദയാലുവിലാനന്ദം കൊള്ളുന്ന
കാരുണ്യരൂപം ഞാൻ കണ്ടു.

17. **സംഘടിക്കുവിൻ**

സംഘടിക്കുവിൻ, സംഘടിക്കുവിൻ മത
ഭ്രാന്തരെത്തുരത്തുവാൻ സംഘടിക്കുവിൻ;
സൗഹൃദം കെടുത്തിടുന്ന മതവിരുദ്ധരെ
ധരയിൽനിന്നു നിർദ്ദയം തുടച്ചകറ്റുവിൻ
സ്നേഹമാണേതുമത സ്ഥാപകനും തന്റെ
ശിഷ്യരിൽക്കൊളുത്തിവച്ച ദിവ്യദൗത്യം:
ഇന്നതിൻക്കളങ്ക രേഖചാർത്തുവോരെ
നിർദ്ദയം തകർത്തെറിഞ്ഞുമുന്നേറുവിൻ.
സ്നേഹമാണീശ്വരന്റെ ദിവ്യരൂപം
സൗഹൃദം മഹേശ്വരന്റെ പരമജീവൻ
സ്നേഹമാണു നിയതമീദുരിതലോകം
നിറമെഴും സ്വർഗ്ഗമായി മാറ്റിടുന്നു

18. **ഹിന്ദുവല്ലീശ്വരൻ**

ഹിന്ദുവല്ലീശ്വരൻ, മുസ്ലീമല്ലീശ്വരൻ
ക്രിസ്ത്യാനിയല്ലീശ്വരൻ
എല്ലാമതങ്ങളും കോർത്തിണക്കീടുന്ന
സ്നേഹമാണീശ്വരൻ.
മതവർണ്ണങ്ങളെന്താകിലും മർത്യ-
നീശ്വരസൃഷ്ടിയല്ലോ:
മൃതിയോളമൈക്യത്തിലൊരുമിച്ചു കഴിയേണ്ട
ചെറുസോദരങ്ങളല്ലോ:
വൈരാഗ്യവും ദുഷ്ടപകയും തകർന്നന്ത-
രംഗം തെളിഞ്ഞെങ്കിലേ
മരണത്തിനപ്പുറം സകലേശദർശനം
നുകരുവാൻ സാദ്ധ്യമാകൂ
പ്രാർത്ഥിക്കുവാൻ, ശാന്തിയാർജ്ജിക്കുവാൻ ക്ഷേത്ര-
മണയുന്ന ഹിന്ദുക്കളെ,
ദൈവാനുഭൂതിക്കു പള്ളിയിൽക്കുമ്പിട്ടു
നില്ക്കുന്ന മുസ്ലീങ്ങളെ,
കുരിശിൽക്കിടക്കുന്ന സർവ്വേശപുത്രനെ
പുണരുന്ന ക്രിസ്തീയരേ
ദൈവത്തിലെല്ലാരുമൊന്നായിനീങ്ങുവാൻ
സ്വയമീശനർപ്പിക്കുവിൻ.

## 19. ചെറുത്തു നിൻ കരങ്ങൾ

ചെറുത്തു നിൻ കരങ്ങളെന്നറിഞ്ഞിടാതെ ദൈവമേ,
വെറുത്തു നീ കനിഞ്ഞെനിക്കയച്ച ദുഃഖവീചികൾ:
പൊറുത്തിടേണമൊക്കെയെൻ ഗുണത്തിനെന്നുപിന്നെ ഞാ-
നറിഞ്ഞു ദിവ്യപാലനത്തെ വാഴ്ത്തിടുന്നു സന്തതം.
കറുത്തിരുണ്ട രാവുകൾ, പ്രസാദമറ്റ നാളുകൾ
നിരാശയിൽക്കൊഴിഞ്ഞുപോയ നീണ്ട വത്സരങ്ങളും
എനിക്കതൊക്കെ നന്മയായ് ഭവിച്ചതോർത്തു ദൈവമേ,
കൃപാസമുദ്രമാം നിനക്കു നന്ദിചൊല്ലിടുന്നു ഞാൻ.
മുറിഞ്ഞിടാതെ കണ്ണുനീരിൽ മുക്കിടുന്നു മർത്യനെ
ഉരുക്കിടുന്നു നീ മനോജ്ഞത രത്നമാക്കി മാറ്റുവാൻ
അഴൽ നിറഞ്ഞ വീഥിയിൽ നയിച്ചിടുന്നനന്തമാം
സുഖാനുഭൂതിയേറ്റിടുന്ന സ്വർഗ്ഗലോകമേറ്റുവാൻ.

## 20. എന്തിനീ വേദനകൾ

എന്തിനീ വേദനകൾ തന്നു ദൈവം ലോക-
മെന്തിനൊരു കണ്ണീർതാഴ്വരയാക്കി?
ദുരിതവും തീരാത്ത വ്യഥയുമല്ലേ ചേർത്തു
നീയതിതൻ ചക്രം തിരിച്ചിടുന്നു!
മോചനം നേടുവാൻ കൊതിച്ചിടുന്നു- പോയി
വീഴുന്നതോ മുൾപ്പടർപ്പിനുള്ളിൽ
തീരങ്ങൾ തേടിത്തുഴഞ്ഞിടുന്നു - ചെന്നു
ചേരുന്നിതോ നീർക്കയത്തിനുള്ളിൽ.
ഇവിടെയെൻ സൂര്യൻ മറഞ്ഞു പോകയോ
ഇവിടെയെൻ ജീവൻ തളർന്നു വീഴ്കയോ
എങ്ങുപോയ് ദൈവം? വിയത്തിൽനിന്നും- എന്റെ
കണ്ണീർ തുടയ്ക്കുവാൻ വരാത്തതെന്തേ?

# നന്ദിയോടെ

'ഫാ. ആബേൽ - കർമ്മയോഗിയായ ദൈവദാസൻ' എന്ന ഈ പുസ്തകം എഴുതി തുടങ്ങുമ്പോഴുള്ള മാനസികാവസ്ഥയല്ല ഇത് എഴുതി തീർന്നപ്പോഴുള്ളത്. ഇപ്പോൾ വലിയൊരു ആത്മസംതൃപ്തി അനുഭവപ്പെടുന്നു. നമ്മുടെ നാട്ടിൽ ജനിച്ച് വളർന്ന് കലാകേരളത്തിന് ഇത്രവലിയ സംഭാവനകൾ നല്കി കടന്നുപോയ ആ മഹാനുഭാവനെ നേരത്തെ മനസ്സിലാക്കാൻ കഴിഞ്ഞില്ലല്ലോയെന്ന ചിന്തയാണ് ഇപ്പോൾ മനസ്സിലുള്ളത്. വൈകിയാണെങ്കിലും മലയാള സിനിമാ ലോകത്തിന് മഹാപ്രതിഭകളെ സമ്മാനിച്ച കലാഭവന്റെ എല്ലാമെല്ലാമായിരുന്ന ആദരണീയനായ ആബേലച്ചനെ അറിയാൻ കഴിഞ്ഞതാണ് സംതൃപ്തി നല്കുന്നത്. അതിന് ആദ്യം നന്ദിയോടെ സ്മരിക്കുന്നത് എനിക്ക് ഇതിന് പ്രേരണയും ഊർജ്ജവും പകർന്നു എന്നെ ഈ ദൗത്യമേൽപിച്ച രാജീവ് കൾച്ചറൽഫോറം ചെയർമാൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിയപ്പെട്ട ശ്രീ. സാബു കെ. ജേക്കബിനോടാണ്. അദ്ദേഹം ഇങ്ങനെയൊരു ദൗത്യം ഏൽപ്പിച്ചില്ലായിരുന്നുവെങ്കിൽ മറ്റ് പലരേയുംപോലെ ഞാനും ആബേലച്ചനെ കലാഭവന്റെ സ്ഥാപക ഡയറക്ടർ മാത്രമായി കരുതിയേനെ.

ചുരുങ്ങിയ ദിവസംകൊണ്ട് പുസ്തകം എഴുതിത്തീർക്കുവാൻ ആവശ്യമായ വിവരങ്ങൾ തന്ന് എന്നെ സഹായിച്ചവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. കലാഭവൻ പ്രസിഡന്റ് ശ്രീ. ആൻഡ്രു നെറ്റിക്കാടൻ, സെക്രട്ടറി ശ്രീ. ജെയിംസ് കുളത്തുങ്കൽ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. ആബേലച്ചനെക്കുറിച്ചും കലാഭവനെക്കുറിച്ചുമുള്ള വിവരങ്ങൾക്ക് 'പെരിയപ്പുറത്ത് മാത്തൻ വൈദ്യൻ ഒരു നൂറ്റാണ്ടിന്റെ ചരിത്രം' എന്ന പുസ്തകത്തോടും കലാഭവൻ സ്റ്റുഡിയോസ് ലിമിറ്റഡിന്റെ 'കലാഭവൻ 2000' എന്ന സ്മരണികയോടും കടപ്പെട്ടിരിക്കുന്നു.

നിശ്ചിത സമയപരിധിക്കകം ഇത് പൂർത്തിയാക്കാൻ എന്നോടൊപ്പം നിന്ന അച്ചന്റെ കുടുംബക്കാരൻ കൂടിയായ ശ്രീ. ജിൽസ് പെരിയപ്പുറം, ഇതിലേയ്ക്ക് ആവശ്യമായ ചിത്രങ്ങൾ എടുത്തുതന്ന ഫോട്ടോഗ്രാഫർ ശ്രീ. പ്രിൻസ് ഡാലിയ, യഥാസമയം വായിച്ച് തെറ്റ് തിരുത്തി തന്ന എന്റെ ആത്മസുഹൃത്ത് ശ്രീ. കൈപ്പള്ളി നാരായണൻ നമ്പൂതിരി, പുസ്തകം യഥാക്രമം അച്ചടിച്ചുതന്ന പിറവത്തെ സ്വരാജ് പ്രിന്റേഴ്സിന്റെ സാരഥികൾ എന്നിവരോടും എനിക്കുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

- വിശ്വനാഥൻ രാമമംഗലം

marggam DIGITAL PUBLISHING





ആബേലച്ചന്റെ ഇടവകപള്ളി - മുളക്കുളം സെന്റ് മേരീസ് കത്തോലിക്കാപ്പള്ളി





CHRISTIAN MUSICOLOGICAL SOCIETY OF INDIA



കെ.കെ. വിശ്വനാഥൻ
കൊഴക്കരപ്പിള്ളി, രാമമംഗലം പി.ഒ.
എറണാകുളം ജില്ല – 686 663
ഫോൺ : 0485 2277177, 9447605807

മുന്നുപതിറ്റാണ്ടോളമായി
മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന ശ്രീ. വിശ്വനാഥൻ
1994 മുതൽ മാതൃഭുമിയുടെ
പിറവം മേഖലാ പ്രതിനിധിയാണ്.
2014 ൽ മാതൃകാ പത്രപ്രവർത്തനത്തിനുള്ള
"താരകബ്രഹ്മസഭ"യുടെ "താരകബ്രഹ്മശ്രീ"
അവാർഡ് ലഭിച്ചു.
ബിരുദവും, ജേർണലിസത്തിൽ ഡിപ്ലോമയും നേടിയിട്ടുണ്ട്.

രാമമംഗലം പെരുംതൃക്കോവിൽ ക്ഷേത്രത്തെക്കുറിച്ച്
തയ്യാറാക്കിയ 'പെരുംതൃക്കോവിൽ പെരുമ'
രാമായണ മാസക്കാലത്തെ
നാലമ്പല ദർശനത്തെ അധികരിച്ച് തയ്യാറാക്കിയ
'ദാശരഥീക്ഷേത്രങ്ങളിലൂടെ' എന്നിവയാണ്
ശ്രീ. വിശ്വനാഥന്റെ മറ്റ് കൃതികൾ

ഭാര്യ : യശഃശരീരനായ സാഹിത്യകാരൻ
ശ്രീ. എസ്.കെ. മാരാരുടെ മകൾ മിനി കെ. മാരാർ
(മുൻസിഫ് കോടതി മുവാറ്റുപുഴ)
മക്കൾ: ഗായത്രി വിശ്വനാഥ്, ശ്രീപാർവ്വതി വിശ്വനാഥ്

---

രാജീവ് ഗാന്ധി കൾച്ചറൽ ഫോറം, പിറവം

marggam

Digital Library of Christianity in India

www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India



Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org



MUSICOLOGICAL
SOCIETY OF INDIA